# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അടിമാലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1382/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/02/2026
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടിമാലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-44,1-45,1-51,1-52,1-53 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1382/2025 തീയ്യതി: 10/02/2026

## ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-07-2024 മുതൽ 17-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രാജേഷ് സി ഹരിപാൽ | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2025 | 22-11-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2025 | 22-11-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ടി. എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ ( ഹ. ഗ്രേ)

ശ്രീ. അഭിലാഷ് എം. കെ, അസി. ഓഡിറ്റ് ഓഫീസർ.(17.11.2025 മുതൽ 19.11.2025വരെ)

ശ്രീമതി അനീറ്റ പി സാമുവൽ,അസി. ഓഡിറ്റ് ഓഫീസർ.

ശ്രീ. സാമുവൽ രാജ് ആർ,അസി. ഓഡിറ്റ് ഓഫീസർ.(17.11.2025 മുതൽ 19.11.2025വരെ)

ശ്രീമതി മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീമതി സ്വപ്ന വി,സീനിയർ ഗ്രേഡ് ഓഡിറ്റർ.

ശ്രീ. ബിനുമോൻ കെ. സി,സീനിയർ ഗ്രേഡ് ഓഡിറ്റർ.. (19.11.2025മുതൽ 22.11.2025വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സൌമ്യ അനിൽ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| നന്ദകുമാർ ആർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിജി.എം.എ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.രാജേശ്വരി .ആർ | സീനിയർ വെറ്ററിനറി സർജൻ | 01-04-2024 | 09-09-2024 |
| ഡോ.തോമസ് മണവാളൻ | സീനിയർ വെറ്ററിനറി സർജൻ | 10-09-2024 | 16-10-2024 |
| ഡോ.എസ്.നന്ദഗോപാൽ | സീനിയർ വെറ്ററിനറി സർജൻ | 17-10-2024 | 31-03-2025 |
| ഡോ.ഹരിപ്രസാദ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2024 | 16-08-2024 |
| ഡോ.സെബിൻ കുരുവിള | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 17-08-2024 | 30-09-2024 |
| ഡോ.ജിമിൽ ജോയ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-10-2024 | 31-03-2025 |
| ജോസൺ മാത്യു | വില്ലേജ് എകസ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഷിജി മോൾ കെ.എസ് | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 01-04-2024 | 16-04-2024 |
| അലീഷ അഷറഫ് | ഐ.സി.ഡി.എസ് .സൂപ്പർവൈസർ | 17-04-2024 | 31-03-2025 |
| ഷെറിൻ ആൻഡ്രൂസ് | അസിസ്റ്റന്റ് എൻജിനീയർ | 01-04-2024 | 31-03-2025 |
| അഞ്ജു.ജെ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| അജയകുമാർ പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന വിധം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ബാങ്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല | 1-1-6 |
| 8 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു | 1-1-8 |
| 10 | നിക്ഷേപസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-1-9 |
| 11 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | കാലഹരണപ്പെട്ട ഋണശീർഷവരവുകൾ ബാദ്ധ്യതയായി തുടരുന്നു | 1-1-11 |
| 13 | ജവഹർ ലോൺ - തിരിച്ചടവ് കണക്കുകളിൽ അവ്യക്തത | 1-1-12 |
| 14 | തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല | 1-1-13 |
| 15 | വസ്തുകിതി - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | ഗ്രാന്റുകളുടെ വരവ്-ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല | 1-1-15 |
| 17 | ബാലൻസ് ഷീറ്റ് - ഷെഡ്യൂൾ B-5, B-16 എന്നിവയിലെ നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | സ്റ്റോക്ക് ഇൻ ഹാൻഡ് - നീക്കിയിരിപ്പ് തുകയുടെ കൃത്യത വ്യക്തമല്ല | 1-1-17 |
| 19 | ഗുണഭോക്തൃവിഹിതം - ഗണ്യമായ തുക നീക്കിയിരിപ്പ് | 1-1-18 |
| 20 | ലൈസൻസ് ഫീസ് - വാർഷികക്കണക്കിൽ കുടിശ്ശിക ചേർത്തിരിക്കുന്നു | 1-1-19 |
| 21 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-1-20 |
| 22 | Redemption - തുക പൂർണ്ണമായും ലഭിച്ചില്ല | 1-1-21 |
| 23 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല | 1-1-22 |
| 24 | സാമ്പത്തികവിശകലനം | 1-2 |
| 25 | ബജറ്റ് | 1-3 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമപെൻഷനുകൾ | 1-7 |
| 30 | ക്യാഷ് ബാലൻസ് | 1-8 |
| 31 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 32 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് യഥാർത്ഥനിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല | 1-10 |
| 33 | വാടക ഈടാക്കിയില്ല | 1-11 |
| 34 | സ്ഥാപനത്തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |
| 35 | ഹോംസ്റ്റേകളെ തെറ്റായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നു | 1-13 |
| 36 | വാർഡ്തലശുചീകരണം - തുക പൂർണ്ണമായും ചെലവഴിച്ചില്ല | 1-14 |
| 37 | വസ്തുനികുതി പരിഷ്കരണം - പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല | 1-15 |
| 38 | വിനോദനികുതി ഈടാക്കിയില്ല | 1-16 |
| 39 | അനധികൃതകെട്ടിടനിർമ്മാണം - തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 40 | കെട്ടിടനിർമ്മാണ പെർമിറ്റ് - തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-18 |

| | | |
|---|---|---|
| 41 | സ്വകാര്യആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല | 1-19 |
| 42 | കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി | 1-20 |
| 43 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 1-21 |
| 44 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - ₹5,00,000/- തടസ്സപ്പെടുത്തുന്നു | 1-22 |
| 45 | കാലിത്തീറ്റ വിതരണം - വിതരണരേഖകൾ പൂർണ്ണമല്ല - ₹1,33,320/- തടസ്സപ്പെടുത്തുന്നു | 1-23 |
| 46 | ധാതുലവണമിശ്രിതവിതരണം - ബാലൻസ് സ്റ്റോക്ക് സംബന്ധിച്ച രേഖകൾ ഇല്ല - ₹1,00,000/- തടസ്സപ്പെടുത്തുന്നു | 1-24 |
| 47 | വനഭൂമിയിൽ സൗരവേലി നിർമ്മാണം - നിർവ്വഹണത്തിലെ അപാകങ്ങൾ - ₹50,00,000/- തടസ്സപ്പെടുത്തുന്നു | 1-25 |
| 48 | ബാലസഭ പ്രവർത്തനങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു - ₹69,143/- നിരാകരിക്കുന്നു | 1-26 |
| 49 | വനിത വാദ്യോപകരണപരിശീലനം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി - ₹51,400/- നിരാകരിക്കുന്നു | 1-27 |
| 50 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ - അപാകങ്ങൾ - ₹50,398/- നിരാകരിക്കുന്നു, ₹68,064/- തടസ്സപ്പെടുത്തുന്നു | 1-28 |
| 51 | കർഷകർക്ക് മെറ്റലോബാക്ടീരിയ വിതരണം - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹2,00,000/- തടസ്സപ്പെടുത്തുന്നു | 1-29 |
| 52 | മുട്ടക്കോഴി വിതരണം - രേഖകൾ ഹാജരാക്കിയില്ല - ₹25,48,520/- തടസ്സപ്പെടുത്തുന്നു | 1-30 |
| 53 | പൊതുമരാമത്ത് പ്രവൃത്തികൾ - ചെലവ് 46 ശതമാനം മാത്രം | 1-31 |
| 54 | മുട്ടക്കോഴി വിതരണം - അനുബന്ധരേഖകൾ ഹാജരാക്കിയില്ല - ₹19,96,800/- തടസ്സപ്പെടുത്തുന്നു | 1-32 |
| 55 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ ഇ – ടെണ്ടർ ഫീയുടെ നീക്കിയിരിപ്പ് പഞ്ചായത്തിന് കൈമാറിയില്ല | 1-33 |
| 56 | കമ്പിലൈൻ കുടിവെള്ളപദ്ധതി പൂർത്തികരിച്ചില്ല | 1-34 |
| 57 | പതിനാലാം മൈൽ സബ്സെന്റർ അറ്റകുറ്റപ്പണി - പദ്ധതി പൂർത്തീകരിച്ചില്ല | 1-35 |
| 58 | മണ്ണ് പ്രവൃത്തിക്ക് അധികം തുക അനുവദിച്ചു - ₹27,450/- നിരാകരിക്കുന്നു | 1-36 |
| 59 | സാമൂഹ്യസുരക്ഷാപെൻഷൻ - മരിച്ചവരുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു | 1-37 |
| 60 | പകൽവീട് നിർമ്മാണം പൂർത്തിയായില്ല | 1-38 |
| 61 | സ്പോർട്സ് ഉപകരണങ്ങളുടെ വിതരണം - കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കും ആനുകൂല്യം നൽകി - ₹24,000/- തടസ്സപ്പെടുത്തുന്നു | 1-39 |
| 62 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - അപാകങ്ങൾ - ₹99,880/- തടസ്സപ്പെടുത്തുന്നു | 1-40 |
| 63 | വാട്ടർ അതോറിറ്റി - വെള്ളക്കരം കുടിശ്ശിക ഒടുക്കൽ - അനുബന്ധരേഖകളുടെ പിൻബലമില്ലാതെ ഒടുക്കി - ₹₹1,75,287/-തടസ്സപ്പെടുത്തുന്നു | 1-41 |
| 64 | മുടിപ്പാറ കുടിവെള്ള പദ്ധതി - വൈദ്യുതികണക്ഷൻ - നിക്ഷേപപ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചില്ല - ₹2,44,541/- തടസ്സപ്പെടുത്തുന്നു | 1-42 |
| 65 | കുടിവെള്ളവിതരണം - അപാകങ്ങൾ - ₹7,37,100/- തടസ്സപ്പെടുത്തുന്നു | 1-43 |
| 66 | തരം തിരിക്കാത്ത മാലിന്യം നീക്കം ചെയ്യൽ - നിർവ്വഹണത്തിൽ അപാകങ്ങൾ - ₹45,60,125/- തടസ്സപ്പെടുത്തുന്നു | 1-44 |
| 67 | ജവഹർ ഭവനപദ്ധതി - വായപയുടെ തിരിച്ചടവ് - കണക്ക് പൊരുത്തപ്പെടുന്നില്ല | 1-45 |
| 68 | ആശുപത്രിക്ക് മരുന്നുകൾ വിതരണം ചെയ്യാൻ വിതരണസ്ഥാപനത്തിന് മുൻകൂർ നൽകി - മരുന്നുകൾ ലഭിച്ചില്ല | 1-46 |
| 69 | വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല - ₹7,25,000/- തടസ്സപ്പെടുത്തുന്നു | 1-47 |
| 70 | ലൈഫ് ഭവനപദ്ധതി(എസ്.സി.പി.) - രജിസ്റ്ററിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-48 |
| 71 | ദിവസവേതനാടിസ്ഥാനത്തിൽ അനധികൃതമായി ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ | 1-49 |

| | | |
|---|---|---|
| | നിന്നും വേതനം നൽകുന്നു | |
| 72 | പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ഇൻഷ്വറൻസ് പോളിസി ക്രമപ്രകാരമല്ല | 1-50 |
| 73 | ലൈഫ് ഭവനപദ്ധതി - ഫയലും അനുബന്ധരേഖകളും ഹാജരാക്കിയില്ല - ₹1,59,77,700/- തടസ്സപ്പെടുത്തുന്നു | 1-51 |
| 74 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-52 |
| 75 | ജൽജീവൻ മിഷൻ പദ്ധതി - അവലോകനം | 1-53 |
| | ഭാഗം **2** | |
| 1 | തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കി | 2-1 |
| | ഭാഗം **3** | |
| 1 | ബാലസഭ പ്രവർത്തനങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു - ₹69,143/- നിരാകരിക്കുന്നു | 3-1 |
| 2 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ - അപാകങ്ങൾ - ₹50,398/- നിരാകരിക്കുന്നു, ₹68,064/- തടസ്സപ്പെടുത്തുന്നു | 3-2 |
| 3 | വനിത വാദ്യോപകരണപരിശീലനം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി - ₹51,400/- നിരാകരിക്കുന്നു | 3-3 |
| | ഭാഗം **4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന | 4-1 |
| 2 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-8 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1 & 11.3, സംസ്ഥാനഗവൺമെന്റ്/കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2025 – ലെ 1 -ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തയ്യാറാക്കി 27.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അടിമാലി ഗ്രാമപ്പഞ്ചായത്തിന്റെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 – ലെ ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത്‌രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം**

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി അടിമാലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
10.02.2026 ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വാർഷികധനകാര്യപത്രികയോടൊപ്പം എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹1,33,47,965/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും ( ₹-6,77,45,184/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല**

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ, പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതും (2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)) സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃതഅനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ഗ്രാമപഞ്ചായത്തിലെ 2024-2025 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ സാമ്പത്തികവർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക (₹) |
|---|---|---|

| | | |
|---|---|---|
| 110100101 – Property Tax On Residential Buildings | 42401897/31.03.2025 | 40,40,728 |
| 110100102 - Property Tax On Non – Residential Buildings | 42401896/31.03.2025 | 1,28,60,897 |

### 1-1-4 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന വിധം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, നിക്ഷേപരജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-1-5 Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "190000000 – Prior Period Income", എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ, ജേണൽ വൗച്ചർ മുഖേന എഴുതിത്തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ലെഡ്ജർ പ്രകാരം താഴെ ചേർത്തിരിക്കുന്ന രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചില്ല. ജേണൽ വൗച്ചറുകൾക്ക് ഉപോത്ബലകമായ വർക്ക് ഷീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ശീർഷകം<br>(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ, I-19) | 31.03.2025 – ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100102 – Prior Period Income - Profession Tax – Institutions/Professionals/Traders | 1,52,790 |
| 190200101 – Prior Period Income – Rent From Building | 36,503 |
| 190200201 – Prior Period Income – License Fees | 1,000 |
| 190200401 – Prior Period Income – Other Income | -1,34,25,468 |

### 1-1-6 ബാങ്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല

താഴെ പറയുന്ന അക്കൗണ്ടുകൾക്ക് ബാങ്ക് റിക്കൺസിലേഷൻ തയ്യാറാക്കിയിട്ടില്ല.

| അക്കൗണ്ട് നം. | പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് (₹) | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് (₹) |
|---|---|---|
| Service Co-Operative Bank – Own Fund/3821 | 2,22,408 | 2,32,408 |
| SBI – NREGA/9720 | 2,22,985 | 24,665 |

### 1-1-7 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 4 – പ്രകാരം, പ്രത്യേകോദ്ദേശ്യപദ്ധതികൾക്ക് ലഭിച്ച തുകകളിൽ

ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേകോദ്ദേശ്യഗ്രാന്റുകളുടെ ഷെഡ്യൂൾ ബി – 4 പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി – 17 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് (₹) | ബാങ്ക് അക്കൗണ്ട് നം. | ഷെഡ്യൂൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|---|
| 311100101 | 7,004 | SCo-Operative Bank - 8624 - Distress Relief Fund | 6,904 | 100 |

**1-1-8 മുൻകൂർ തുക നൽകിയത് ചെലവ് ശീർഷകത്തിൽ ബുക്ക് ചെയ്തു**

2024-2025 വർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ പ്രകാരം, മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | MEDICINES TO HOMOEO DISPENSARY | 5,00,000 | | 251110208 Medical Institution - Homoeo - Purchase Of Medcines In Health Institutions |

31.03.2025 വരെ മരുന്നുകൾ ലഭ്യമാകാത്ത, ഇപ്രകാരം തെറ്റായി ബുക്ക് ചെയ്ത, ചെലവ് തുകകൾ 2024-2025 സാമ്പത്തികവർഷത്തിൽ “Prior Period Expenditure” എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതും ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. ഇത്തരത്തിലുള്ള അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-9 നിക്ഷേപസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല**

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B - 12 പ്രകാരം ₹11,05,000/- - യുടെ നിക്ഷേപമുണ്ട്. എന്നാൽ നിക്ഷേപരേഖകൾ ഭൗതികപരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

**1-1-10 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ ബി – 17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യബാങ്ക് അക്കൗണ്ടുകൾക്ക്, തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ ബി – 4 – ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് നം. | തുക (₹) |
|---|---|---|---|
| 1 | 450210102 | KERALA BANK VATHILPADI(32000) | 26,474 |

| | | | |
|---|---|---|---|
| 2 | 450210102 | BHAVANASREE/2103 | 12,620 |
| 3 | 450210101 | SBI MN HOUSING/4724 | 20,362 |
| 4 | 450210101 | JALJEEVAN MISSION/6415 | 28,98,912 |
| 5 | 450210101 | HUDCO/1908 | 2,61,834 |
| | 450210101 | JALANIDHI.2579 | 54,74,201 |

മേൽ പരാമർശിച്ച അക്കൗണ്ടിലെ തുകകൾ 2025-2026 വർഷത്തിൽ സ്ഥാപനത്തിന്റെ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

**1-1-11 കാലഹരണപ്പെട്ട ഋണശീർഷവരവുകൾ ബാദ്ധ്യതയായി തുടരുന്നു**

കാലഹരണപ്പെട്ട നികുതിയായ വാറ്റ് തുകകൾ (₹10,26,773/-, ₹200/-) ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. തുകകൾ സർക്കാർ ഫണ്ടിലേക്ക് ക്രമീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-1-12 ജവഹർ ലോൺ - തിരിച്ചടവ് കണക്കുകളിൽ അവ്യക്തത**

സെക്രട്ടറിയുടെ നിർവഹിച്ച പദ്ധതി പ്രകാരം തൻവർഷം ജവഹർ ലോൺ തിരിച്ചടച്ചത് ₹52,00,000/- ആണ്. എന്നാൽ വാർഷികകണക്ക് പ്രകാരം ₹50,00,000/- ആണ് തിരിച്ചടവ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ നീക്കിയിരിപ്പ് കണക്കുകളിൽ അവ്യക്തത നിലനില്ക്കുന്നു.

**1-1-13 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല**

കേവലം പത്ത് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രീസിയേഷൻ കണക്കാക്കിയത്. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

**1-1-14 വസ്തുികതി - ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ ബി - 15 പ്രകാരം, വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, 26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. 2011 - ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58(4)(എച്ച്) എന്നിവ പ്രകാരം സംശയാസ്പദമായ തുകയുടെ ലഭ്യത കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-15 ഗ്രാന്റുകളുടെ വരവ്-ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല**

വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് - റോഡ്, റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് ഗ്രാന്റ് വിനിയോഗപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിച്ചില്ല.

**1-1-16 ബാലൻസ് ഷീറ്റ് - ഷെഡ്യൂൾ B-5, B-16 എന്നിവയിലെ നീക്കിയിരിപ്പുകൾ തമ്മിൽ**

**പൊരുത്തപ്പെടുന്നില്ല**

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 5 – ൽ, വിവിധ ലോണുകളുടെ നീക്കിയിരിപ്പ് ₹17,94,27,664/- – യും, ഷെഡ്യൂൾ ബി – 16 – ലെ നീക്കിയിരിപ്പ് ₹16,77,87,664/- – യുമാണ്. നീക്കിയിരിപ്പ് തുകകൾ തമ്മിൽ ₹1,16,40,000/- – യുടെ വ്യത്യാസം നിലനില്ക്കുന്നു. അപാകം പരിഹരിക്കേണ്ടതാണ്.

**1-1-17 സ്റ്റോക്ക് ഇൻ ഹാൻഡ് - നീക്കിയിരിപ്പ് തുകയുടെ കൃത്യത വ്യക്തമല്ല**

വാർഷികകണക്കിലെ, ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി – 14 – ൽ, സ്റ്റോക്ക് ഇൻ ഹാൻഡ് നീക്കിയിരിപ്പായി ₹1,48,905/- ചേർത്തിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ കൃത്യത വ്യക്തമല്ല.

**1-1-18 ഗുണഭോക്തൃവിഹിതം - ഗണ്യമായ തുക നീക്കിയിരിപ്പ്**

വാർഷികകണക്ക്, ഷെഡ്യൂൾ B – 4 – ൽ, ഗുണഭോക്തൃവിഹിതമിനത്തിൽ ₹27,45,812/- –യുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-19 ലൈസൻസ് ഫീസ് - വാർഷികക്കണക്കിൽ കുടിശ്ശിക ചേർത്തിരിക്കുന്നു**

ലൈസൻസ് ഫീസിനത്തിൽ വാർഷികകണക്ക് പ്രകാരം ₹1,41,693/- കുടിശ്ശിക ചേർത്തിരിക്കുന്നു. അപാകം പരിഹരിക്കേണ്ടതാണ്.

**1-1-20 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല**

വാർഷികകണക്കിലെ മുൻകൂറുകളുടെ നീക്കിയിരിപ്പിന്റെ ഷെഡ്യൂൾ ബി-4 പ്രകാരം, താഴെ പറയുന്ന മുൻകൂർ തുകകൾ ക്രമീകരിക്കാതെ ശേഷിക്കുന്നു.

| ഹെഡ് | നീക്കിയിരിപ്പ് (₹) |
|---|---|
| 460100199 | 1,05,250 |
| 460500501 | 19,75,213 |
| 460509901 | 24,99,789 |

**1-1-21 Redemption - തുക പൂർണ്ണമായും ലഭിച്ചില്ല**

2023-2024 സാമ്പത്തികവർഷം, ട്രഷറി അക്കൗണ്ടിൽ നിന്ന് ₹1,63,38,354/- Redemption നടത്തിയതിൽ 2024-2025 സാമ്പത്തികവർഷം ₹1,62,82,976/- മാത്രമാണ് തിരികെ ലഭിച്ചത്.

**1-1-22 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല**

മുടിപ്പാറ കുടിവെള്ളപദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന്, KSEB – യിൽ ₹2,44,541/-നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിക്കാത്ത പ്രവൃത്തി വാർഷികകണക്കിൽ ബാലൻസ് ഷീറ്റിലെ ബാധ്യത ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 സാമ്പത്തികവിശകലനം**

| | |
|---|---|
| മുന്നിരിപ്പ് (₹) | 8,60,21,872 |

| | |
|---|---|
| വരവ് (₹) | 11,34,83,914 |
| ആകെ (₹) | 19,95,05,786 |
| ചെലവ് (₹) | 10,01,35,949 |
| നീക്കിയിരിപ്പ് (₹) | 9,93,69,837 |

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരം)

## 1-3 ബജറ്റ്

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 – ൽ, നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി, വകുപ്പ് 175 അനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസനപദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേയ്ക്ക് ഉണ്ടാകുവാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 – ന് മുമ്പ് സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [വകുപ്പ് 214 (1)]. എന്നാൽ, സ്റ്റാൻഡിംഗ് കമ്മിറ്റികളും വിവിധ നിർവ്വഹണോദ്യോഗസ്ഥരും സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകൾ, അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റിന് ആധാരമാക്കിയ രേഖകളും വിവരങ്ങളും അടങ്ങിയ ബജറ്റ് ഫയൽ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോയെന്നും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ചാണോ ബജറ്റ് തയ്യാറാക്കിയതെന്നും ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

08.02.2024/2(1) – ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അവതരിപ്പിച്ച ₹23,1,88,195/- മുന്നിരിപ്പും ₹57,00,25,757/- വരവും ₹58,49,45,206/- ചെലവും ₹82,68,746/- നീക്കിയിരിപ്പും പ്രതീക്ഷിച്ച ബജറ്റ്. 27.02.2024 – ലെ തീരുമാനം നമ്പർ 1(1) ആയി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. 28.02.2025 – ലെ 1(1) നമ്പർ തീരുമാനപ്രകാരം തൻവർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|
| മുന്നിരിപ്പ് | 3,50,75,064 |
| വരവ് | 1,08,04,56,648 |
| ആകെ | 1,11,55,31,712 |
| ചെലവ് | 1,10,25,90,597 |
| നീക്കിയിരിപ്പ് | 1,29,41,115 |

മേൽ പ്രകാരം തയ്യാറാക്കിയ ബജറ്റും ധനകാര്യപത്രികയും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 – ൽ അനുശാസിക്കുന്ന രീതിയിൽ അപാകങ്ങളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും യഥാർത്ഥ വരവ് – ചെലവുകൾക്കനുസരിച്ച് ബജറ്റ് പുതുക്കുന്നതിനും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തെ പ്രതീക്ഷിത വരവ് - ചെലവുകൾ കണക്കിലെടുത്ത് ബജറ്റ് തയ്യാറാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം ബജറ്റിനെ അതിലംഘിക്കുന്ന ചെലവുകൾ ഉണ്ടാവാതിരിക്കുവാനും ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 5,41,17,000 | 5,41,17,000 | 5,32,03,808 | 9,13,192 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 69,69,000 | 69,69,000 | 60,61,681 | 9,07,319 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 1,59,06,000 | 1,59,06,000 | 1,56,67,158 | 2,38,842 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) – 320200113 | 1,14,84,697 | 2,10,67,000 | 3,25,51,697 | 96,97,612 | 2,28,54,085 |
| കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) – 320200104 | 1,18,64,407 | 1,00,28,028 | 2,18,92,435 | 52,36,673 | 1,66,55,762 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 1,74,31,000 | 1,74,31,000 | 11,84,7,956 | 55,83,044 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 0 | 3,71,94,000 | 3,71,94,000 | 2,90,15,570 | 81,78,430 |
| ഐ.സി.ഡി.എസ്. - 320100196 | 41,14,455 | 28,82,624 | 69,97,079 | 2,41,820 | 72,38,899 |
| ജലനിധി – 320300102 | 52,94,729 | 2,42,840 | 55,37,569 | 63,368 | 54,74,201 |
| കോർപ്പസ് ഫണ്ട് - 320200399 | 11,22,531 | 0 | 11,22,531 | 0 | 11,22,531 |
| ശുചിത്വമിഷൻ - 320100198 | 98,000 | 0 | 98,000 | 0 | 98,000 |
| കൃഷി അവാർഡ് – 320100105 | 3,00,000 | 0 | 3,00,000 | 0 | 3,00,000 |
| നാഷണൽ ഹെൽത്ത് മിഷൻ - 320100139 | 4,50,000 | 0 | 4,50,000 | 0 | 4,50,000 |
| PHC കളിലെ ആരോഗ്യപരിപാലനം – 32010020 | 5,07,674 | 15,67,298 | 20,74,972 | 12,79,636 | 7,95,336 |
| ഗ്രാന്റ് – ലൈഫ് - (A/C No.1908)320300199 | 57,71,543 | 0 | 57,71,543 | 55,09,709 | 2,61,834 |
| ഹെൽത്ത് ഗ്രാന്റ് – PHC- ഇൻഫ്രാസ്ട്രക്ചർ – 32010020 | 20,69,032 | 10,73,657 | 31,42,689 | 22,52,514 | 8,90,175 |
| കെട്ടിടമില്ലാത്ത PHC, CHC എന്നിവയ്ക്ക് ഹെൽത്ത് ഗ്രാന്റ് 320100203 | 28,05,500 | 67,154 | 28,72,654 | 27,943 | 29,00,597 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 320700204 | 90,000 | 0 | 90,000 | 0 | 90,000 |
| ARWSS – 320100101 | 2 | 0 | 2 | 0 | 2 |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ഹൗസിംഗ് (A/C No.4724) | 19,913 | 449 | 20,362 | 0 | 20,362 |
| ജലജീവൻ (A/C No.6415) | 28,04,093 | 94,807 | 28,98,900 | 0 | 28,98,900 |
| ഹഡ്കോ (A/C No.9748) | 2,48,972 | 5,789 | 2,54,761 | 0 | 2,54,761 |
| ജലനിധി സുസ്ഥിരപദ്ധതി (A/C No.20001) | 2,07,657 | 49,523 | 1,58,134 | 0 | 1,58,134 |
| ഭവനശ്രീ (A/C No. 2103) | 12,133 | 487 | 12,620 | 0 | 12,620 |
| ഫിഷറീസ് | 0 | 61,520 | 61,520 | 61,520 | 0 |
| കുടിവെള്ളം - 320200305 | 0 | 64,843 | 64,843 | 0 | 64,843 |

*അവസാന 5 ബാങ്ക് അക്കൗണ്ടിലെ വരവിനങ്ങൾ RP-30 – യിൽ ഉൾപ്പെടുത്തിയിട്ടില്ല. *വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്, റോഡിതരം) എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെച്ചെലവാണ് ഗ്രാന്റ് വിനിയോഗപട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-4-1 സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ**

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഫണ്ട് | ലൈഫ് – ലോൺ (₹) | അങ്കണവാടി – ഓണറേറിയം (₹) | ആകെ (₹) |
|---|---|---|---|
| വികസനഫണ്ട് – ജനറൽ | 66,43,514 | 24,09,600 | 90,53,114 |
| വികസനഫണ്ട് - എസ്.സി.പി. | 14,27,322 | - | 14,27,322 |
| വികസനഫണ്ട് - ടി.എസ്.പി. | 1,06,04,000 | - | 1,06,04,000 |

**1-4-2 ലാപ്സായ തുകയുടെ വിശദാംശങ്ങൾ**

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റിന്റെ 80 % ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമാണ് അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യുന്നത്. തൻവർഷം നിശ്ചിതചെലവ് കൈവരിക്കാത്തതിനാൽ 2026-2027 വർഷം മെയിന്റനൻസ് ഗ്രാന്റിനത്തിൽ ₹28,36,474/- ലാപ്സാകുന്നതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അലോട്ടമെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ബാക്കി (₹) | ചെലവ് ശതമാനം (%) | 2025-2026 – ൽ അനുവദിക്കുന്ന 20 % ക്യാരി ഓവർ തുക (₹) | ഷോർട്ട്ഫോളിനത്തിൽ 2026-2027 വർഷം നഷ്ടമാകുന്ന തുക (₹) |
|---|---|---|---|---|---|---|---|
| 2 | മെയിന്റനൻസ് | 1,74,31,000 | 1,18,47,956 | 55,83,044 | 67.97 | 34,86,200 | 20,96,844 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗ്രാന്റ് – നോൺ റോഡ് | | | | | | |
| 3 | മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 3,71,94,000 | 2,90,15,570 | 81,78,430 | 78.01 | 74,38,800 | 7,39,630 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് (₹) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%) |
|---|---|---|---|---|---|
| 357 | 96,06,78,634 | 243 | 17,29,10,895 | 114 | 68.06 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 9 | 85,97,462 | 69,83,094 | 81.22 |
| വെറ്ററിനറി സർജൻ | 7 | 7 | 1,01,07,330 | 85,68,867 | 84.77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 21 | 19 | 99,09,878 | 62,18,860 | 62.75 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 50,92,230 | 26,10,289 | 51.26 |
| ICDS സൂപ്പർവൈസർ | 17 | 15 | 1,86,73,910 | 1,40,17,834 | 75.06 |
| വി.ഇ.ഒ. | 21 | 16 | 64,66,23,799 | 3,77,58,034 | 5.83 |
| സെക്രട്ടറി | 64 | 43 | 13,29,04,256 | 3,61,19,118 | 27.17 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 2 | 34,39,640 | 29,80,000 | 86.63 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 207 | 130 | 125330129 | 5,76,54,799 | 46.00 |
| ആകെ | 357 | 243 | 96,06,78,634 | 17,29,10,895 | 17.99 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 12,470 | 16,99,245 | 17,11,715 | 1,687,050 | 24,665 |
| തൊഴിൽ കൂലി | 0 | 14,59,71,000 | 14,59,71,000 | 14,59,71,000 | 0 |

ആകെ വരവ് തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-7 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപെൻഷന്റെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 30,61,200 | 195 |
| വിധവപെൻഷൻ | 2,02,51,100 | 1399 |
| വാർദ്ധക്യകാലപെൻഷൻ | 4,13,15,900 | 3034 |
| വികലാംഗപെൻഷൻ | 64,05,600 | 424 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതവനിതകൾക്കുള്ള പെൻഷൻ | 2,20,800 | 18 |

## 1-8 ക്യഷ് ബാലൻസ്

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹32,572/- (മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിരണ്ട് രൂപ മാത്രം) – യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

**1. ഓഫീസ് സംവിധാനം**

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലാർക്ക്, അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലർക്കുമാർ, അഞ്ച് ക്ലർക്കുമാർ, രണ്ട് ഓഫീസ് അസിസ്റ്റന്റുമാർ, അഞ്ച് ഫുൾടൈം സ്വീപ്പർമാർ, പാർട്ട് ടൈം സ്വീപ്പർ, പാർട്ട് ടൈം ലൈബ്രേറിയൻ എന്നിവരാണ് പഞ്ചായത്തിലെ സ്ഥിരം ജീവനക്കാർ. ഇതുകൂടാതെ തൊഴിലുറപ്പ് പദ്ധതിയിലുള്ള 10 ജീവനക്കാരും കരാടിസ്ഥാനത്തിലുള്ള 25 ജീവനക്കാരും ദിവസവേതനാടിസ്ഥാനത്തിൽ ടൗൺ ക്ലീനിംഗിനായി 6 ജീവനക്കാരുമുണ്ട്. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്/ ഭൗതികപരിശോധന**

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷികഭൗതികപരിശോധനയും നടത്തുന്നില്ല. ലോൺ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ, പൊതുടാപ്പുകളുടെ രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിക്കുന്നില്ല.

**3. ബജറ്റ്**

വാർഷികപദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് ചെലവഴിക്കുന്നതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തുന്നില്ല.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്.

**4. വാങ്ങൽ നടപടി ക്രമങ്ങൾ**

കേരള ഫിനാൻഷ്യൽ കോഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ വാങ്ങൽ നടപടി ക്രമങ്ങളിൽ പൂർണ്ണമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനു ശേഷമല്ല വാങ്ങൽ നടപടികളിലേയ്ക്ക് കടക്കുന്നത്. ജെം പോർട്ടൽ മുഖേന നടത്തിയ വാങ്ങലുകളിൽ പോലും ആവശ്യമായ സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയല്ല ടെണ്ടർ നടത്തിയിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനം അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ ഇത്തരം നടപടികൾ പാലിക്കുന്നില്ല.

**5. തനത് വരുമാനം**

സ്ഥാപനരജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 3990 സ്ഥാപനങ്ങൾ ഉൾപ്പെടുത്തി നാളിതുവരെ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 868 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിരിക്കുന്നത്.

**6. മോണിട്ടറിംഗ്**

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിലും മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

**7. ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.

**8. ആസ്തി നിയന്ത്രണം**

ആസ്തി രജിസ്റ്റർ, ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം കാലികമാക്കുന്നില്ല.

**9. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ**

പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**10. ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം**

1997 - ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

**11. മരാമത്ത് പ്രവൃത്തികൾ**

പദ്ധതികൾ പൂർത്തിയാക്കുന്ന രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കാണുന്നു. പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പദ്ധതികളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്. പദ്ധതികളുടെ എണ്ണത്തിലെ ബാഹുല്യവും പഞ്ചായത്തിന്റെ വിസ്തൃതിയും പദ്ധതികളുടെ സമയബന്ധിതമായ നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. പ്രോജക്ട് ഫോർമാറ്റിൽ ക്രമനമ്പർ 36 ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്താനുള്ളതാണെങ്കിലും അത്തരം രേഖപ്പെടുത്തൽ നടത്തുന്നില്ല.

**12. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ**

സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവുകൾക്കായി വൗച്ചറുകളോ അനുബന്ധരേഖകളോ മാന്വലായി സൂക്ഷിക്കുന്നില്ല. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിലായി വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ അപൂർണ്ണമാണെന്ന് മാത്രമല്ല പല അനുബന്ധരേഖകളും തലതിരിച്ചും ലെഫ്റ്റ്/റൈറ്റ് റൊട്ടേഷൻ നടത്തിയുമാണ് ചേർത്തിരിക്കുന്നത്.

**1-10 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് യഥാർത്ഥനിരക്കിൽ വസ്തുനികുതി ഈടാക്കിയില്ല**

**(എ)** സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം, വാണിജ്യാവശ്യത്തിനുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് 2013 – ലെ വസ്തുനികുതി പരിഷ്കരണഉത്തരവിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപ്പഞ്ചായത്ത് ഉൾപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി നിരക്ക് പ്രകാരം 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹90/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചീടാക്കേണ്ടതിനു പകരം 200 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നീ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം (ച.മീ) | ഈടാക്കേണ്ട നികുതിനിരക്ക് (₹) | ഈടാക്കിയ നികുതിനിരക്ക് (₹) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|---|
| 15/565(1) | ശ്രീ നവാസ് മീരാൻ മാനേജിഗ് പാർട്ണർ ഹൈറേഞ്ച് ഹോസ്പിറ്റാലിറ്റീസ്, അടിമാലി/ഷോപ്പിംഗ് മാൾ | 244.93 | 90/ച.മീ | 60/ച.മീ | 2017 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |

പട്ടികയിലെ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.17/തീയതി. 20.11.2025) മറുപടി നൽകിയില്ല.

**(ബി)** സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് 2013 – ലെ വസ്തുനികുതി പരിഷ്കരണഉത്തരവിന്റെ അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുത്തിയിരിക്കുന്ന വസ്തുനികുതി നിരക്ക് പ്രകാരം 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് 60 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചീടാക്കേണ്ടതിനു പകരം 100ച.മീറ്റർ വരെയുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ വിഭാഗത്തിൽപ്പെടുത്തി ച.മീറ്ററിന് ₹50/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം (ച.മീ) | ഈടാക്കേണ്ട നികുതിനിരക്ക് (₹) | ഈടാക്കിയ നികുതിനിരക്ക് (₹) | ഈടാക്കേണ്ട കാലയളവ് |
|---|---|---|---|---|---|---|
| 1 | 6/628(1) | ശ്രീ ഖാദർ കെ.പി. കമ്മലയിൽ<br>ശ്രീ ഷെമീർ കെ.എ. കിളിയംകോട്ട് | 127 | 60/ച.മീ | 50/ച.മീ | 2014 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 2 | 6/628(2) | ശ്രീ ഖാദർ കെ.പി. കമ്മലയിൽ<br>ശ്രീ ഷെമീർ കെ.എ. കിളിയംകോട്ട് | 127 | 60/ച.മീ | 50/ച.മീ | 2014 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 3 | 7/806(1) | ശ്രീ ഷാജി ചെറിയാൻ പുറ്റനാൽ | 250 | 60/ച.മീ | 50/ച.മീ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 4 | 11/366(6) | ശ്രീ സജി മാത്യു<br>ശ്രീ സിബി മാത്യു കണ്ണാട്ട് | 318 | 60/ച.മീ | 50/ച.മീ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 5 | 8/720(1) | ശ്രീ മനോജ് കെ.എസ്. കരിനാട്ട് | 117.81 | 60/ച.മീ | 50/ച.മീ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 6 | 11/174(2) | ശ്രീ ബിനോയ് ഇ.എസ്. ഇടക്കാട്ട് | 109 | 60/ച.മീ | 50/ച.മീ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 7 | 15/532(6) | ശ്രീ ജമാൽ അലിയാർ | 241 | 60/ച.മീ | 50/ച.മീ | 2013 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 8 | 15/973(31) | ശ്രീ എൽദോസ് വി. ഏലിയാസ് | 121.31 | 60/ച.മീ | 50/ച.മീ | 2016 ഒന്നാം അർദ്ധവർഷം മുതൽ 2024-2025 വരെ |
| 9 | 17/111(1) | ശ്രീമതി മേരി ജോർജ് വരകകാലാപറമ്പിൽ | 105.92 | 60/ച.മീ | 50/ച.മീ | 2014 രണ്ടാം അർദ്ധവർഷം മുതൽ 2024-2025 വരെ |

പട്ടികയിലെ കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/തീയതി. 19.11.2025) മറുപടി നൽകിയില്ല. ക്രമ നം.(എ), (ബി) എന്നിവയിലെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വർദ്ധനവുകളും ഇളവുകളും ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-11 വാടക ഈടാക്കിയില്ല**

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2024-2025 സാമ്പത്തികവർഷത്തിൽ വാടകയ്ക്ക് നൽകിയിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടമുറികളിൽ നിന്നും വാടക ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടമുറി നം./ വാടകക്കാരന്റെ പേര് | പ്രതിമാസവാടക(₹)/ ഈടാക്കാത്ത കാലയളവ് | ഈടാക്കേണ്ട ആകെത്തുക(₹) |
|---|---|---|---|
| 1 | റൂം നം.29/ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് 1st Floor/ശ്രീ ഹരിശ്രീ വെള്ളാപ്പിള്ളിൽ | 5,283<br>4/2024 മുതൽ 3/2025 വരെ | 63,396 |
| 2 | റൂം നം.43 /മമ്മൻകാല ഷോപ്പിംഗ് കോംപ്ലക്സ്<br>ശ്രീ ഷമീർ മരട്ടിയിൽ | 4,550<br>4/2024 മുതൽ 3/2025 വരെ | 54,600 |
| 3 | റൂം നം.61/ന്യൂ ഫിഷ് സ്റ്റാൾ<br>ശ്രീ മുനീബ് തൊഴുത്തിങ്കൽ | 3,407<br>4/2024 മുതൽ 3/2025 വരെ | 40,884 |
| 4 | റൂം നം.62/ന്യൂ ഫിഷ് സ്റ്റാൾ<br>ശ്രീ ടി.എ.പോൾ, തോണ്ടിയിൽ, കുമ്പൻപാറ | 3,407<br>1/2025 മുതൽ 3/2025 വരെ | 10,221 |
| 5 | റൂം നം.30/ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്<br>ശ്രീ ബിപിൻ ബേബി, മാപ്പിളക്കുടിയിൽ | 6050<br>4/2024 മുതൽ 3/2025 വരെ | 72,600 |

പട്ടികയിലെ കെട്ടിടമുറികളിൽ നിന്നും വാടക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീയതി. 18.11.2025), കെട്ടിടമുറികൾ ലേലം കൊണ്ടവർ വാടക ഒടുക്കാത്തതുകൊണ്ട് പുതിയ ആളുകൾക്ക് ലേലം ചെയ്തു നൽകി എന്നാണ് മറുപടി നൽകിയത്. നിലവിൽ കുടിശ്ശികയുള്ള തുക അടവാക്കാതെയാണ് പുതിയ വ്യക്തികൾക്ക് ലേലം ചെയ്തുനൽകിയിട്ടുള്ളത്. കൂടാതെ ടി കെട്ടിടമുറികളുടെ വാടകക്കാരുമായി ഗ്രാമപ്പഞ്ചായത്ത് കരാർ ചമച്ചത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ പട്ടികയിലെ വാടകക്കാരിൽ നിന്നും കുടിശ്ശിക, പിഴപ്പലിശ/ബാധകമായ ജി.എസ്.ടി. സഹിതം ഒടുക്കുന്നതിന് നോട്ടീസ് നൽകി തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

**1-12 സ്ഥാപനത്തൊഴിൽ നികുതി ഈടാക്കിയില്ല**

ഗ്രാമപ്പഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2024-2025 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷങ്ങളിലേയും) സ്ഥാപനത്തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഐ.ഡി.ബി.ഐ.ബാങ്ക്<br>അടിമാലി |

| | |
|---|---|
| 2 | ദേവികുളം താലൂക്ക് റൂറൽ ഹൗസിംഗ്<br>കോ – ഓപ്പറേറ്റീവ് സോസൈറ്റി |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ്<br>അടിമാലി |
| 4 | ഇൻഡസ് ഇൻഡ് ബാങ്ക്<br>അടിമാലി |
| 5 | ദേവികുളം താലൂക്ക് പ്രൈമറി സ്കൂൾ സ്റ്റാഫ്<br>കോ – ഓപ്പറേറ്റീവ് സോസൈറ്റി, അടിമാലി |
| 6 | വിന്നേഴ്സ് റോയൽ വർഷ മൾട്ടി സ്റ്റേറ്റ് ക്രെഡിറ്റ്<br>കോ – ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (രണ്ടാം അർദ്ധവർഷം) |

പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 4/തീയതി. 18.11.2025), മുകളിൽ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2025-2026 സാമ്പത്തികവർഷം തന്നെ സ്ഥാപനത്തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. സ്ഥാപനത്തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-13 ഹോംസ്റ്റേകളെ തെറ്റായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നു**

ലൈസൻസ് രജിസ്റ്റർ പ്രകാരം, ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഹോംസ്റ്റേകളായി പ്രവർത്തിക്കുന്നതിനാണ് 2024-2025 സാമ്പത്തികവർഷത്തിൽ ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം ടി സ്ഥാപനങ്ങളെ ഹോംസ്റ്റേകളുടെ ഗണത്തിൽപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിരിക്കുന്നു.

| ക്രമ നം. | സ്ഥാപനഉടമ /കെട്ടിടനം. /വിസ്തീർണ്ണം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സഞ്ചയ പ്രകാരം ഉപയോഗക്രമം (വസ്തുനികുതി നിരക്ക് (₹)) | വസ്തുനികുതി നിർണ്ണയിച്ച കാലയളവ് |
|---|---|---|---|---|
| 1 | ശ്രീകുര്യൻ വർക്കി<br>മഞ്ഞയിൽ<br>20/94/87.38 ച.മീ. | 56/25 | ലോഡ്ജ്<br>(@ ₹40) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | ശ്രീമതി ലിൻസി അനീഷ്<br>പുതിയേടത്ത്<br>19/618(1)/179.03 ച.മീ. | 796/25 | വീട്ടുകൾ<br>(@ ₹5) | 2019 രണ്ടാം അർദ്ധവർഷം മുതൽ |
| 3 | ശ്രീ പി.വൈ ഷാമോൻ<br>പുലിമംഗലം<br>21/228/51 ച.മീ. | 409/25 | വീട്ടുകൾ<br>(@ ₹5) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | ശ്രീമതി ഗീത സോമരാജൻ<br>ചെങ്ങറ<br>7/431(1)/75.04 ച.മീ. | 634/25 | ലോഡ്ജ്<br>(@ ₹40) | 2021 രണ്ടാം അർദ്ധവർഷം മുതൽ |
| 5 | ശ്രീ മനോജ് എൻ.എം.<br>നെടീംപിള്ളിക്കുടി<br>10/844/188.99 ച.മീ. | 165/25 | ലോഡ്ജ്<br>(@ ₹40) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 6 | ശ്രീ കലേഷ് എം.എസ്.<br>മൻലേൽ ഹൗസ്<br>14/145(1)/148.25 ച.മീ. | 694/25 | ലോഡ്ജ്<br>(@ ₹40) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 7 | ശ്രീ കലേഷ് എം.എസ്.<br>മൻലേൽ ഹൗസ്<br>14/146(2)/85.97 ച.മീ. | 694/25 | ലോഡ്ജ്<br>(@ ₹40) | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 8 | ശ്രീ കലേഷ് എം.എസ്.<br>മൻലേൽ ഹൗസ് | 694/25 | ലോഡ്ജ്<br>(@ ₹40) | 2019 ഒന്നാം അർദ്ധവർഷം മുതൽ |

| | | | | |
|---|---|---|---|---|
| | 14/146(3)/40.28 ച.മീ. | | | |
| 9 | ശ്രീ അബ്ദുൾ ലജീഷ് എം.എം. മഞ്ഞുപള്ളിയിൽ 8/257/21 ച.മീ. | 727/25 | വീടുകൾ (@ ₹5) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 10 | ശ്രീ എൽദോസ് പി. വർഗ്ഗീസ് പുളിഞ്ചോട്ടിൽ 21/304/148.64 ച.മീ. | 91/25 | ലോഡ്ജ് (@ ₹40) | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 11 | ശ്രീ എൻ.വി.കുര്യാക്കോസ് നെടുംപ്പിള്ളിൽ 18/392(2)/74.14 ച.മീ. | 351/25 | വീടുകൾ (@ ₹5) | 2021 രണ്ടാം അർദ്ധവർഷം മുതൽ |
| 12 | ശ്രീ ബിനീഷ് പി.ബി. പാലക്കാത്തൊട്ടിയിൽ 14/91(2)/166 ച.മീ. | 856/25 | വീടുകൾ (@ ₹5) | 2014 രണ്ടാം അർദ്ധവർഷം മുതൽ |

2013 – ലെ വസ്തുനികുതി പരിഷ്കരണഉത്തരവ് പ്രകാരം, ഹോംസ്റ്റേകൾ/സ്വകാര്യഹോസ്റ്റലുകൾ എന്നിവയ്ക്ക് ചതുരശ്രമീറ്ററിന് ₹30/- മുതൽ ₹60/- വരെ നിരക്കിൽ വസ്തുനികുതി നിശ്ചയിക്കുന്നതിന് പ്രൊവിഷൻ ഉണ്ടായിരുന്നിട്ടും ഹോംസ്റ്റേകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിത്തീരുമാനമെടുത്തിട്ടില്ല. ഹോംസ്റ്റേകൾക്ക് വീടുകൾ/ലോഡ്ജ് ഗണത്തിൽപ്പെടുത്തിയാണ് നാളിതുവരെ വസ്തുനികുതി നിർണ്ണയിച്ചീടാക്കിയിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 20.11.2025) മറുപടി നൽകിയില്ല. ഗ്രാമപ്പഞ്ചായത്തിൽ നിരവധി ഹോംസ്റ്റേകൾ പ്രവർത്തിച്ചിട്ടും ഹോംസ്റ്റേകൾക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കാതെ ആയവ വീടുകൾ/ലോഡ്ജ് ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചീടാക്കിയതിന് വിശദീകരണം നൽകേണ്ടതും ഹോസ്റ്റേകൾക്ക് വസ്തുനികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് വന്ന തുക, കുടിശ്ശിക ഉൾപ്പടെ ഈടാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-14 വാർഡ്തലശുചീകരണം – തുക പൂർണ്ണമായും ചെലവഴിച്ചില്ല**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

വാർഡ്തലശുചീകരണത്തിന് തൻവർഷം ₹10,000/- വീതം ഗ്രാമപ്പഞ്ചായത്തിലെ വാർഡുകൾക്ക് നൽകിയിട്ടുണ്ടെങ്കിലും ചില വാർഡുകളിൽ തുക പൂർണ്ണമായി വിനിയോഗിച്ചില്ല. വിവരം താഴെ ചേർക്കുന്നു.

| വാർഡ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക (₹) | ബാങ്ക് അക്കൗണ്ട് നം./ശാഖ |
|---|---|---|
| വാർഡ് – 7 | 2,500 | 41796628852/എസ്.ബി.ഐ., അടിമാലി |
| വാർഡ് – 17 | 5,800 | 67054571848/എസ്.ബി.ഐ., അടിമാലി |
| വാർഡ് – 13 | 10,000 | 67216103227/എസ്.ബി.ഐ., അടിമാലി |
| വാർഡ് – 12 | 10,000 | 67053827351/എസ്.ബി.ഐ., അടിമാലി |
| വാർഡ് – 16 | 10,000 | 4180248631823/എസ്.ബി.ഐ., അടിമാലി |
| വാർഡ് – 8 | 4,600 | 67054386801/എസ്.ബി.ഐ., അടിമാലി |

വാർഡ്തലശുചീകരണത്തിന് തുക ചെലവഴിക്കുകയോ ഗ്രാമപ്പഞ്ചായത്തിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

**1-15 വസ്തുനികുതി പരിഷ്കരണം - പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല**

22.03.2023 – ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5 % വർദ്ധനവും 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 – ലെ സ.ഉ.(അ) നം.25/2023/ത.സ്വ.ഭ.വ. – ലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതിയുടെ 04.10.2023 – ലെ 1/1 – നം. തീരുമാനപ്രകാരം 01.04.2023 പ്രാബല്യത്തിൽ പരിഷകരിച്ച നികുതി നിരക്കുകൾ അംഗീകരിച്ചു. സഞ്ചയയിൽ അസസ്സ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01.04.2023 – ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി നാളിതുവരെയും പുനർനിർണ്ണയിച്ചിട്ടില്ല.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉപ നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണം | നിലവിലെ നിരക്ക് (₹) | ഈടാക്കേണ്ട നിരക്ക് (₹) |
|---|---|---|---|---|---|---|---|---|
| 1 | 13 | 278 | (1) | ശ്രീ ജയലാൽ കെ.ബി. | പാർപ്പിടാവശ്യം | 120 | 5 | 7 |
| 2 | 7 | 654 | (3) | ശ്രീ ബഷീർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 118.33 | 60 | 63 |
| 3 | 19 | 474 | (2) | ശ്രീ റഷീദ് | പാർപ്പിടാവശ്യം | 225.14 | 5 | 7 |
| 4 | 18 | 295 | (2) | ശ്രീ എൽദോസ് | പാർപ്പിടാവശ്യം | 98.15 | 5 | 7 |
| 5 | 18 | 571 | (9) | ശ്രീ മനോജ് കുമാർ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 165.96 | 40 | 58 |
| 6 | 18 | 571 | (6) | ശ്രീ മനോജ് കുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.08 | 60 | 63 |
| 7 | 18 | 571 | (3) | ശ്രീ മനോജ് കുമാർ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 126.36 | 40 | 58 |
| 8 | 18 | 571 | (4) | ശ്രീ മനോജ് കുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.08 | 60 | 63 |
| 9 | 18 | 571 | (5) | ശ്രീ മനോജ് കുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.08 | 60 | 63 |
| 10 | 18 | 571 | (7) | ശ്രീ മനോജ് കുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, | 28.08 | 60 | 63 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | ഗോഡൗൺ | | | |
| 11 | 18 | 571 | (8) | ശ്രീ മനോജ് കുമാർ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.08 | 60 | 63 |
| 12 | 13 | 510 | (1) | ശ്രീ കെ.കെ. സന്തോഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 61.12 | 50 | 63 |
| 13 | 13 | 510 | (2) | ശ്രീ കെ.കെ. സന്തോഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 19.17 | 50 | 63 |
| 14 | 13 | 510 | (3) | ശ്രീ കെ.കെ. സന്തോഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 11.43 | 50 | 63 |
| 15 | 13 | 510 | (4) | ശ്രീ കെ.കെ. സന്തോഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 10.38 | 50 | 63 |
| 16 | 3 | 407 | (1) | ശ്രീമതി ഹാജിറ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 22 | 50 | 63 |
| 17 | 15 | 474 | (1) | ശ്രീ പ്രവീൺ വാസു | പാർപ്പിടാവശ്യം | 291.21 | 5 | 7 |
| 18 | 11 | 383 | (79) | ശ്രീ ബാബു ജോർജ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 31.35 | 60 | 63 |
| 19 | 11 | 383 | (80) | ശ്രീ ബാബു ജോർജ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 31.35 | 60 | 63 |
| 20 | 17 | 78 | (2) | ശ്രീ ഷിജി | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 253.94 | 40 | 58 |
| 21 | 7 | 654 | (4) | ശ്രീ ജോയ് മാത്യു | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 250.1 | 50 | നിരക്ക് നിശ്ചയിച്ചിട്ടില്ല |
| 22 | 10 | 1125 | (2) | ശ്രീ ജെയ്സൺ പി.എം. | പാർപ്പിടാവശ്യം | 251.22 | 5 | 7 |
| 23 | 17 | 215 | (1) | എൽദോ ചാക്കോ | പാർപ്പിടാവശ്യം | 266.82 | 5 | 7 |
| 24 | 10 | 1022 | (5) | ശ്രീ ജോയ് ജോൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 12 | 50 | 53 |
| 25 | 17 | 604 | (5) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 16.99 | 60 | 63 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 25 | 17 | 604 | (6) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 16.99 | 60 | 63 |
| 26 | 17 | 604 | (7) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 16.99 | 60 | 63 |
| 27 | 17 | 604 | (8) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 16.99 | 60 | 63 |
| 28 | 17 | 604 | (11) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.32 | 60 | 63 |
| 29 | 17 | 604 | (12) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 28.32 | 60 | 63 |
| 30 | 17 | 604 | (10) | ശ്രീ ജോസ് റ്റി.ജെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 56.64 | 40 | 58 |
| 31 | 17 | 604 | (3) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 50.97 | 90 | 63 |
| 32 | 17 | 604 | (4) | ശ്രീ ജോസ് റ്റി.ജെ. | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 50.97 | 90 | 63 |
| 33 | 17 | 604 | (9) | ശ്രീ ജോസ് റ്റി.ജെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 56.64 | 40 | 58 |
| 34 | 11 | 793 | (1) | ശ്രീ രാജേഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 152.55 | 60 | 63 |
| 35 | 14 | 219 | (3) | സുമ്മിറ്റ് | മൊബൈൽ ടെലഫോൺ ടവർ | 21.62 | 500 | 525 |
| 36 | 14 | 595 | (5) | ഇൻഡസ് | മൊബൈൽ ടെലഫോൺ ടവർ | 9 | 500 | 525 |
| 37 | 20 | 586 | (3) | ശ്രീ സജീവ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 134.31 | 60 | 63 |
| 38 | 12 | 708 | (1) | ശ്രീ മാത്യു സ്കറിയ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 31.04 | 50 | 63 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 39 | 12 | 515 | (1) | ശ്രീ ബിജു തോമസ് | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 67.73 | 40 | 58 |
| 40 | 17 | 94 | (7) | ശ്രീ ബേസിൽ ബാബു | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 159.79 | 40 | 58 |
| 41 | 17 | 94 | (1) | ശ്രീ ബേസിൽ ബാബു | പാർപ്പിടാവശ്യം | 37.19 | 5 | 7 |
| 42 | 17 | 94 | (2) | ശ്രീ ബേസിൽ ബാബു | പാർപ്പിടാവശ്യം | 39.57 | 5 | 7 |
| 43 | 17 | 94 | (3) | ശ്രീ ബേസിൽ ബാബു | പാർപ്പിടാവശ്യം | 38.54 | 5 | 7 |
| 44 | 17 | 94 | (4) | ശ്രീ ബേസിൽ ബാബു | പാർപ്പിടാവശ്യം | 159.79 | 5 | 7 |
| 45 | 17 | 94 | (5) | ശ്രീ ബേസിൽ ബാബു | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 51.24 | 60 | 63 |
| 46 | 17 | 94 | (6) | ശ്രീ ബേസിൽ ബാബു | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 65.24 | 60 | 63 |
| 47 | 19 | 645 | (1) | സുമ്മിറ്റ് | മൊബൈൽ ടെലഫോൺ ടവർ | 21.62 | 500 | 525 |
| 48 | 5 | 304 | (3)UA | ശ്രീ മുഹമ്മദ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 15 | 50 | 53 |
| 49 | 5 | 304 | (2)UA | ശ്രീ മുഹമ്മദ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 14 | 50 | 53 |
| 50 | 5 | 304 | (1)UA | ശ്രീ മുഹമ്മദ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 14 | 50 | 53 |
| 51 | 5 | 304 | (4)UA | ശ്രീ മുഹമ്മദ് | പാർപ്പിടാവശ്യം | 45 | 5 | 7 |
| 52 | 10 | 635 | (17) | ശ്രീ ജോബി കെ. | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 613.06 | 90 | 90 |
| 53 | 10 | 635 | (1) | ശ്രീ ജോബി കെ. | പാർപ്പിടാവശ്യം | 200 | 5 | 7 |
| 54 | 10 | 635 | (2) | ശ്രീ ജോബി കെ. | പാർപ്പിടാവശ്യം | 197.2 | 5 | 7 |
| 55 | 10 | 635 | (3) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 56 | 10 | 635 | (4) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 57 | 10 | 635 | (5) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 58 | 10 | 635 | (6) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 59 | 10 | 635 | (7) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 60 | 10 | 635 | (8) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 61 | 10 | 635 | (9) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 62 | 10 | 635 | (10) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 63 | 10 | 635 | (11) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 64 | 10 | 635 | (12) | ശ്രീ ജോബി കെ. | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 30 | 40 | 58 |
| 65 | 10 | 635 | (14) | ശ്രീ ജോബി കെ. | പാർപ്പിടാവശ്യം | 185.39 | 5 | 7 |
| 66 | 20 | 585 | (2) | ശ്രീമതി ലില്ലി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 29.07 | 50 | 63 |
| 67 | 11 | 793 | (1) UA | ശ്രീ രാജേഷ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 155 | 60 | 63 |
| 68 | 15 | 1684 | (1) | ശ്രീ ലിറ്റോ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 83.68 | 50 | 53 |
| 69 | 7 | 666 | (1) | ശ്രീമതി ചിന്നമ്മ | പാർപ്പിടാവശ്യം | 232.96 | 5 | 7 |

ഇപ്രകാരം 01.04.2023 – ന് ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതിയനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചീടാക്കുവാൻ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ(ഖണ്ഡിക നം.1-15 കാണുക) നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. വസ്തുനികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/തീയതി. 22.11.2025) മറുപടി നൽകിയില്ല. പട്ടികയിൽ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ 2024 – 2025 വരെയുള്ള വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-16 വിനോദനികുതി ഈടാക്കിയില്ല

31.01.2024 – ലെ സ.ഉ.(കൈ)നം.17/2024/ത.സ്വ.ഭ.വ. പ്രകാരവും 1961 – ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ആക്ട് പ്രകാരവും തദ്ദേശസ്വയംഭരണപ്രദേശങ്ങളിൽ നടക്കുന്ന വിനോദങ്ങൾക്ക് വിനോദനികുതി ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ സിപ്പ് ലൈനുകളും പൊട്ടാസ് ഫൺ ഫാം, ഫ്ലോറ & ഫോണ ഇക്കോ പാർക്ക്, അൽഹിന്ദ് എലഫന്റ് സഫാരി പാർക്ക് എന്നിങ്ങനെയുള്ള വിവിധ അമ്യൂസ്മെന്റ് പാർക്കുകളും പ്രവർത്തിക്കുന്നുണ്ട്. മേൽ ആക്ടിലെ, വകുപ്പ് 3B – യിലെ ഇനങ്ങൾക്ക് അതിൽ പ്രതിപാദിക്കുന്ന നിരക്കിലും വകുപ്പ് 6A – യിലെ ഇനങ്ങൾക്ക് അതിൽ പ്രതിപാദിക്കുന്ന നിരക്കിലും മറ്റുള്ളവയ്ക്ക് പ്രവേശനഫീസിന്റെ 10 % വിനോദനികുതി ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുകളിൽ കൊടുത്തിരിക്കുന്നതുൾപ്പെടെയുള്ള വിവിധ വിനോദ കേന്ദ്രങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/തീയതി. 21.11.2025), 2025-2026 സാമ്പത്തികവർഷം മുതൽ വിനോദനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകി. അടിമാലി ഗ്രാമപ്പഞ്ചായത്ത് വിനോദസഞ്ചാരമേഖലയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ ധാരാളം എന്റർടെയ്മെന്റ് ആക്ടിവിറ്റീസ് വിവിധ പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. ഫീൽഡ്തല പരിശോധന നടത്തി മുകളിൽ പറഞ്ഞിരിക്കുന്നതുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടക്കുന്ന വിവിധ തരം വിനോദങ്ങളിൽ നിന്നും വിനോദനികുതി ഈടാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-17 അനധികൃതകെട്ടിടനിർമ്മാണം - തുടർനടപടികൾ സ്വീകരിക്കുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235 ഡബ്ല്യു പ്രകാരം, നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചുകളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയോ വകുപ്പ് 203(2) – ൽ പറയുന്ന പ്രകാരമുള്ള ഏതെങ്കിലും

ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ വകുപ്പ് 235 എഎ(1) പ്രകാരം കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യുഎ.' കെട്ടിടനമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ പ്രകാരം, വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ വകുപ്പ് 235 ഡബ്ല്യു പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ച് മാറ്റുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള യു.എ. നമ്പർ അനുവദിച്ച ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം അനധികൃതനിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | കെട്ടിടം നം./ഉപയോഗക്രമം/വിസ്തീർണ്ണം/ യു.എ.നം. അനുവദിച്ച തീയതി | കെട്ടിടം ഉടമയുടെ പേര് |
|---|---|---|
| 1 | 17/193(1) (UA)/വാണിജ്യം/37.1 ച.മീ./ 21.10.2015 | ശ്രീ തോമസ് ചെറിയാൻ ഈറക്കുഴ |
| 2 | 11/178(1)UA/വാണിജ്യം/16.17ച.മീ./ 25.01.2016 | ശ്രീ കുര്യച്ചൻ ജോൺ എൽദോസ് തോമസ്/ ഇലഞ്ഞിക്കമാലിയിൽ |
| 3 | 19/71(5)/വാണിജ്യം/130 ച.മീ./ 19.10.2017 | ശ്രീ മക്കാർ എം.എം. മോളത്ത്, വാളറ |
| 4 | 12/260(2)UA/വാണിജ്യം/25 ച.മീ./ 19.05.2020 | ശ്രീ ബിനു എ.ജി. ആലക്കര |
| 5 | 11/551(4)UA/വാണിജ്യം/115.16 ച.മീ./ 17.08.2020 | ശ്രീ മനോജ് കെ.പോൾ കൊച്ചുകുടിയിൽ |
| 6 | 21/343(2)/UA/വാണിജ്യം/104.4 ച.മീ./ 11.01.2021 | ശ്രീ സജികുമാരൻ പള്ളിപടിക്കൽ |
| 7 | 19/14(1)/UA/ലോഡ്ജ്/436.3 ച.മീ./ 16.03.2021 | ശ്രീ കുര്യാച്ചൻ ഇ.വൈ. എടപ്പാട്ട് |
| 8 | 8/498(1)വാണിജ്യം/377.92 ച.മീ./ 16.09.2021 | ശ്രീ ജോബി പോൾ & ശ്രീ ബിനു വലിയകുളങ്ങര |
| 9 | 7/565(1)/UA/വാണിജ്യം/87.93 ച.മീ./ 06.11.2021 | ശ്രീ സുമിത ഷാജി മറ്റപ്പിള്ളിൽ |
| 10 | 4/219/(2)UA/വാണിജ്യം/44.66 ച.മീ./ 15.11.2021 | ശ്രീ അബ്ദുൾ സലാം & ശ്രീമതി ഷംന കൊച്ചുകുടി |
| 11 | 5/304(1)UA/വാണിജ്യം/14 ച.മീ./, 5/304(2)UA/വാണിജ്യം/14 ച.മീ./, 5/304(3)UA/വാണിജ്യം/15 ച.മീ./, 5/304(4)UA/വാണിജ്യം/45 ച.മീ./, 23.06.2023 | ശ്രീ മുഹമ്മദ് ഷാഫി & ശ്രീമതി ഫാത്തിമ അലിയാർ കുട്ടംകുളം |

അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.10/തീയതി. 24.11.2025) മറുപടി നൽകിയില്ല. അനധികൃതനിർമ്മാണങ്ങൾക്കെതിരെ 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, വകുപ്പ് 235ഡബ്ല്യു പ്രകാരവും 2019 – ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 93(3), 96, എന്നിവ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1–18 കെട്ടിടനിർമ്മാണ പെർമിറ്റ് – തുടർനടപടികൾ സ്വീകരിക്കുന്നില്ല**

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ, മന്നാംകണ്ടം വില്ലേജിൽ, അടിമാലി ഗ്രാമപ്പഞ്ചായത്തിൽ ശ്രീമതി അച്ചാമ്മ ജോയിയുടെ ഉടമസ്ഥതയിലുള്ള സർവേ നം.617/8-5 – ൽ 9.31 ആർ വിസ്തൃതിയിലുള്ള പ്ലോട്ടിൽ 269.20 ച.മീറ്റർ വിസ്തൃതിയിലുള്ള വാണിജ്യാവശ്യത്തിനായുള്ള കെട്ടിടം പണിയുന്നതിന് ഫയൽ നം.4307/തീയതി. 26.3.2025 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം, കുന്നിൻചെരുവുകളിലും ചെങ്കുത്തായ ഭാഗങ്ങളിലും കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായി ചട്ടം 14, ഉപചട്ടം 2 പ്രകാരം സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് നൽകിയിരുന്ന എല്ലാ അനുമതികളും ബഹു. ഹൈക്കോടതിയുടെ 08.08.2024 – ലെ WP(C)No.27562/2024(S) – നമ്പർ കേസിൻമേൽ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവെക്കണമെന്നും ഉത്തരവായിട്ടുണ്ട്. ഈ കേസിൻമേൽ തുടർഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആണ് പുതിയ അനുമതികൾ നൽകേണ്ടതെന്നും മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ 09.08.2024 – ലെ 329/2024-2025/ഡി.എം.ജി./2352/2024-എം-1 – നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീമതി അച്ചാമ്മ ജോയിയുടെ സമർപ്പിച്ച കെട്ടിടനിർമ്മാണ അപേക്ഷ ചെരിവുള്ള പ്രദേശങ്ങളിൽ നിന്നും മണ്ണ് മാറ്റി നിർമ്മാണ പ്രവൃത്തി ചെയ്യേണ്ടതുള്ളതിനാൽ ഇനിയൊരു ഉത്തരവുണ്ടാകുന്നത് വരെ അനുമതി നൽകുവാൻ സാധ്യമല്ല എന്ന വിവരം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/തീയതി. 24.11.2025) മറുപടി നൽകിയില്ല. പ്രസ്തുത കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1–19 സ്വകാര്യആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കുന്നില്ല**

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 270 പ്രകാരം, ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനം 2024-2025 വർഷത്തേക്കുള്ള രജിസ്ട്രേഷൻ പുതുക്കിയില്ല.

| സ്ഥാപനഉടമയുടെ പേര്/സ്ഥാപനം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. |
|---|---|
| ശ്രീമതി ജിതു ജി., ഈസക്കന്നേൽ/ ലാബ് | 53/25 |

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.6/തീയതി. 19.11.2025), മേൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്നതിന് കത്ത് നൽകി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ടി സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഈടാക്കി

27.06.2024 - ലെ സ.ഉ.(സാധാ)നം.1149/2024/ത.സ്വ.ഭ.വ. - പ്രകാരം ഗ്രാമപ്പഞ്ചായത്തുകളിലേയും നഗരസഭകളിലേയും തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ്പ്രകാരം, പരിഷ്കരിച്ച തൊഴിൽ നികുതി നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന ഒക്ടോബർ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പരിഷ്കരിച്ച ഉത്തരവ്വ പ്രകാരമുള്ള സ്ലാബിലല്ല താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2024-2025 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ജീവനക്കാരുടെ പേര്/തസ്തിക | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കേണ്ട തൊഴിൽ നികുതി (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | രസീത് നം./ തീയതി | ഈടാക്കേണ്ട ബാക്കിത്തുക (₹) |
|---|---|---|---|---|---|---|
| 1 | സുമിന്റർ ഇൻഡ്യ ഓർഗാനിക്സ്/ ശ്രീ പോൾ ജെയിംസ്/ പി.ഒ.പ്രോജക്ട് | 60,000 | 750 | 600 | 1240109152/18.03.2025 | 150 |
| 2 | സുമിന്റർ ഇൻഡ്യ ഓർഗാനിക്സ്/ ശ്രീ നിതിൻ സോജൻ/ പി.ഒ. പ്രോജക്ട് | 76,500 | 750 | 120 | 240109152/18.03.2025 | 630 |
| 3 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ്/ ശ്രീസന്ദീപ് കെ.എം./ബി.എം. | 1,65,000 | 1,250 | 1,000 | 1240107311/15.02.2025 | 250 |
| 4 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീമതി ഷീബ ബിന്റോ/സ്റ്റാഫ് നേഴ്സ് | 1,08,000 | 1,000 | 750 | 1240107642/24.02.2025 | 250 |
| 5 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ ശ്രീമതി ശ്രീദേവി/സ്റ്റാഫ് നേഴ്സ് | 1,08,000 | 1,000 | 750 | 1240107642/24.02.2025 | 250 |
| 6 | മോണിംഗ് സ്റ്റാർ മെഡിക്കൽ | 1,08,000 | 1,000 | 750 | 1240107642/24.02.2025 | 250 |

| | | | | | | |
|---|---|---|---|---|---|---|
| | സെന്റർ/ശ്രീമതി മഞ്ജു പി./സ്റ്റാഫ് നേഴ്സ് | | | | | |
| 7 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീ അനീഷ് കൃഷ്ണൻ/X-Ray Assistant | 1,10,400 | 1,000 | 750 | 1240107642/24.02.2025 | 250 |
| 8 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീമതി അമ്പിളി സജി/ഫാർമസിസ്റ്റ് അസിസ്റ്റന്റ് | 1,11,900 | 1,000 | 750 | 1240107642/24.02.2025 | 250 |
| 9 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീമതി ദിവ്യ ബിജു/ഓഫീസ് അസിസ്റ്റന്റ് | 1,04,940 | 1,000 | 750 | 1240107642/24.02.2025 | 250 |
| 10 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീമതി ബിജിമോൾ പി.കെ./ ലാബ് ടെക്നീഷ്യൻ | 1,12,380 | 1,000 | 750 | 1240107642/24.02.2025 | 250 |
| 11 | മോണിംഗ് സ്റ്റാർ മെഡിക്കൽ സെന്റർ/ശ്രീമതി മേഴ്സി പി.പി./ഒ.പി.അറ്റൻഡർ | 1,07,400 | 1,000 | 750 | 1240107642/24.02.2025 | 250 |
| 12 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ബേസിയ എൽദോ/ടീച്ചർ | 60,000 | 750 | 600 | 1240109770/26.03.2025 | 150 |
| 13 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി സുമിയ എസ്/ടീച്ചർ | 72,000 | 750 | 600 | 1240109770/26.03.2025 | 150 |
| 14 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി സുജ പി. തങ്കപ്പൻ/ടീച്ചർ | 66,000 | 750 | 600 | 1240109770/26.03.2025 | 150 |
| 15 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി വിന്നി ബേബി/ടീച്ചർ | 60,000 | 750 | 600 | 1240109770/26.03.2025 | 150 |
| 16 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ബിജി | 60,000 | 750 | 600 | 1240109770/26.03.2025 | 150 |

| | | | | | | |
|---|---|---|---|---|---|---|
| | വി.എസ്./ടീച്ചർ | | | | | |
| 17 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി സാന്ദ ബേസിൽ/ടീച്ചർ | 60,000 | 750 | 600 | 1240109770/26.03.2025 | 150 |
| 18 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ശ്രീലേഖ/ടീച്ചർ | 60,000 | 750 | 600 | 1240109770/26.03.2025 | 150 |
| 19 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ലിൻസി പി.എം./ടീച്ചർ | 72,000 | 750 | 600 | 1240109770/26.03.2025 | 150 |
| 20 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി നീതു കെ.എസ്./ടീച്ചർ | 60,000 | 750 | 600 | 1240109770/26.03.2025 | 150 |
| 21 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി രജനി രാമചന്ദ്രൻ/ടീച്ചർ | 72,000 | 750 | 600 | 1240109770/26.03.2025 | 150 |
| 22 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ചിപ്പി സെബാസ്റ്റ്യൻ/ടീച്ചർ | 54,000 | 750 | 450 | 1240109770/26.03.2025 | 300 |
| 23 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി നിഷ നിജു/ടീച്ചർ | 48,000 | 750 | 450 | 1240109770/26.03.2025 | 300 |
| 24 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ജയ സുരേഷ് /അസിസ്റ്റന്റ് | 30,000 | 600 | 300 | 1240109770/26.03.2025 | 300 |
| 25 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി മഞ്ജു രാജഗോപാൽ/അസിസ്റ്റന്റ് | 30,000 | 600 | 300 | 1240109770/26.03.2025 | 300 |
| 26 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി രാധ വി.കെ./പ്യൂൺ | 68,100 | 750 | 600 | 1240109770/26.03.2025 | 150 |
| 27 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി രമ/ആയ | 54,000 | 750 | 450 | 1240109770/26.03.2025 | 300 |
| 28 | വിവേകാനന്ദ | 54,000 | 750 | 450 | 1240109770/26.03.2025 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | വിദ്യസദൻ/ ശ്രീമതി എൽസി/ആയ | | | | | |
| 29 | വിവേകാനന്ദ വിദ്യസദൻ/ ശ്രീമതി ഗീത/ ബസ് അറ്റന്റർ | 42,000 | 600 | 300 | 1240109770/26.03.2025 | 300 |
| 30 | വിവേകാനന്ദ വിദ്യസദൻ/ ശ്രീ പത്രോസ് എ.കെ./ഡ്രൈവർ | 75,000 | 750 | 600 | 1240109770/26.03.2025 | 150 |
| ആകെ | | | | | | 6,930 |

പട്ടികയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.32/തീയതി. 22.11.2025), ഡിമാന്റ് നോട്ടീസ് നൽകി ബാക്കിത്തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകി. ഈടാക്കിയതിൽ കുറവ് വന്ന ₹6,930 ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-21 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ**

1996 – ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം, ഗ്രാമപ്പഞ്ചായത്തിൽ ഉൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 2013 – ലെ വസ്തുനികുതി പരിഷ്കരണഉത്തരവിന്റെ അടിസ്ഥാനത്തിൽ, സഞ്ചയ സോഫ്റ്റ് വെയറിൽ 100 ചതുരശ്രമീറ്റർ വരെയുള്ള 3068 വാണിജ്യസ്ഥാപനങ്ങളും 100 ചതുരശ്രമീറ്ററിന് മുകളിലുള്ള 681 വാണിജ്യസ്ഥാപനങ്ങളും 200 ചതുരശ്രമീറ്റർ വരെയുള്ള 2 വാണിജ്യസ്ഥാപനങ്ങളും 200 ചതുരശ്രമീറ്റർ മുകളിലുള്ള 58 വാണിജ്യസ്ഥാപനങ്ങളും വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെടെ 16 സ്ഥാപനങ്ങളും വ്യവസായാവശ്യത്തിനുള്ള 101 സ്ഥാപനങ്ങളും ഉൾപ്പെടെ ഇതരവ്യവസായാവശ്യത്തിനുള്ള 64 സ്ഥാപനങ്ങളും ഉൾപ്പെടെ ആകെ 3990 സ്ഥാപനങ്ങൾ ഉൾപ്പെടുത്തി നാളിതുവരെ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം, 868 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ആയതിനാൽ ബാക്കി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

2) ഗ്രാമപ്പഞ്ചായത്തിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് എഴുതിസൂക്ഷിക്കുന്നില്ല. ആയതിനാൽ നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങൾ

മുഴുവൻ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

3) ലൈസൻസ് രജിസ്റ്ററിൽ ഡി.സി.ബി. എഴുതിത്തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/തീയതി. 21.11.2025) മറുപടി നൽകിയില്ല. ഗ്രാമപ്പഞ്ചായത്തിൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഫീൽഡ് പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം സഞ്ചയയിൽ കൃത്യമാക്കേണ്ടതും ലൈസൻസ് ആവശ്യമായ മുഴുവൻ സ്ഥാപനങ്ങളേയും ഗ്രാമപ്പഞ്ചായത്തിന്റെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്ന് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല - ₹5,00,000/- തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 23/2025, മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ | |
| അടങ്കൽ (₹) | 7,00,000/- | 1,10,000/- (വികസനഫണ്ട് - പൊതുവിഭാഗം) |
| | | 5,90,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ | |
| ചെലവ് (₹) | 7,00,000/- | |
| ബിൽ നം./തീയതി/തുക (₹) | 24101052007801487716/10.03.2025/1,10,000/- | |
| | 24101052007801487717/10.03.2025/90,000/- | |

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് 2024-2025 വർഷം ₹7,00,000/- ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹2,00,000/- - യുടെ മരുന്ന് വാങ്ങിയതിന്റെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ശേഷിക്കുന്ന ₹5,00,000/- ചെലവഴിച്ച് മരുന്ന് വാങ്ങിയതിന്റെ രേഖകൾ, രജിസ്റ്ററുകൾ തുടങ്ങിയവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 21.11.2025) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ മരുന്ന് വാങ്ങിയതിന് ചെലവഴിച്ച ₹5,00,000/- തടസ്സപ്പെടുത്തുന്നു.

## 1-23 കാലിത്തീറ്റ വിതരണം - വിതരണരേഖകൾ പൂർണ്ണമല്ല - ₹1,33,320/- തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 22/25, കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം | |
| അടങ്കൽ (₹) | 25,40,000/- | 1,27,000/- വികസനഫണ്ട് |
| | | 1,27,000/- ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| ആകെച്ചെലവ് (₹) | 24,75,200/- | |
| ബിൽ നം./തീയതി/തുക (₹) | 24101052007801323598/13.02.2025/3,93,400/- | |
| | 24101052007801517963/12.03.2025/4,20,000/- | |
| | 24101052007801558401/17.03.2025/4,20,000/- | |
| | 24101052007801705236/25.03.2025/4,200/- | |
| | 476872/29.03.2025/12,37,600/- | |

എലൈറ്റ് കാലിത്തീറ്റയുടെ 1847 ബാഗുകളാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് കേരള

ഫീഡ്സിൽ നിന്ന് ലഭിച്ചത്. ഇതിൽ 1762 കാലിത്തീറ്റ ബാഗുകൾ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു. കേരള ഫീഡ്സിന്റെ 13.01.2025 – ലെ ടാക്സ് ഇൻവോയിസ് നം.KFLPI-24-25-G34697 പ്രകാരം ലഭിച്ച ₹1,33,320/- ആകെ വിലയുള്ള 85 ബാഗ് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രജിസ്റ്ററോ ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റ് വിവരങ്ങളോ ലഭ്യമല്ല. ആയവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി. 21.11.2025) മറുപടി നൽകിയില്ല. വിതരണരേഖകൾ ഹാജരാക്കാത്തതിനാൽ 85 ബാഗ് കാലിത്തീറ്റ വിതരണം ചെയ്തതിന് ചെലവഴിച്ച ₹1,33,320/- തടസ്സപ്പെടുത്തുന്നു.

### 1-24 ധാതുലവണമിശ്രിതവിതരണം - ബാലൻസ് സ്റ്റോക്ക് സംബന്ധിച്ച രേഖകൾ ഇല്ല - ₹1,00,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 358/2025, ധാതുലവണമിശ്രിതം വാങ്ങൽ |
| അടങ്കൽ (₹) | 1,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് (₹) | 1,00,000/- |
| ബിൽ നം./തീയതി | 24101052007801365535/21.02.2025 |

പദ്ധതി പ്രകാരം കേരള ഫീഡ്സിൽ നിന്നും 687 ബാഗ് കേരമിൻ ഓർഗാനിക് ആണ് ലഭിച്ചത്. ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന ബാഗുകളുടെ എണ്ണം 584 മാത്രമാണ്. ശേഷിക്കുന്നവ സംബന്ധിച്ച് വിവരം ലഭ്യമല്ല. വാങ്ങിയവ സ്റ്റോക്കിലുൾപ്പെടുത്താത്തതിനാൽ ഇത് ബാലൻസായി കാണിച്ചിട്ടുമില്ല. 103 ബാഗ് മിനറൽ മിശ്രിതത്തിന്റെ ബാലൻസ് സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീയതി. 21.11.2025) മറുപടി നൽകിയില്ല. സ്റ്റോക്ക്, ബാലൻസ് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹1,00,000/- തടസ്സപ്പെടുത്തുന്നു. ബാലൻസ് സ്റ്റോക്ക് രേഖകൾ കൃത്യമാക്കി വിതരണം ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

### 1-25 വനഭൂമിയിൽ സൗരവേലി നിർമ്മാണം - നിർവ്വഹണത്തിലെ അപാകങ്ങൾ - ₹50,00,000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 354/25, വന്യമൃഗശല്യം പരിഹരിക്കൽ – സൗരവേലി സ്ഥാപിക്കൽ |
| അടങ്കൽ (₹) | 50,00,000/- (വികസനഫണ്ട് – പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് (₹) | 50,00,000/- |
| ബിൽ നം./തീയതി/തുക (₹) | 24101052008001559215/17.03.2025/25,00,000/- |
| | 24101052008001607058/20.03.2025/25,00,000/- |

അടിമാലി ഗ്രാമപ്പഞ്ചായത്തിലെ 11 വാർഡുകളിലും (1,2,4,5,6,7,8,9,18,19,20,21) ആദിവാസി കുടികളിലും തുടരെ ഉണ്ടാവുന്ന കാട്ടാന ശല്യം പരിഹരിക്കുന്നതിന് വനാതിർത്തികളിൽ സൗരവേലി സ്ഥാപിച്ച്

കൃഷിയിടങ്ങളെയും കർഷകരെയും സംരക്ഷിക്കുന്നതിന് വേണ്ടി തയ്യാറാക്കിയിരിക്കുന്ന പദ്ധതിയാണിത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ച് ഗുണഭോക്തൃവിഹിതം ഈടാക്കിയാണ് പദ്ധതി നടപ്പാക്കേണ്ടത്. 04.03.2025 – ലെ സ.ഉ.(സാധാ.)നം.596/2025/ത.സ്വ.ഭ.വ. പ്രകാരം വനം വകുപ്പിന്റെ ഭൂമിലാണ് പദ്ധതി നടപ്പാക്കേണ്ടതെന്നതിനാൽ അടിമാലി ഗ്രാമപ്പഞ്ചായത്തിന് ഗുണഭോക്തൃവിഹിതം ഒഴിവാക്കി നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി നടപ്പാക്കുമ്പോൾ വനം വകുപ്പിന്റെ വിഹിതം കൂടി ലഭ്യമാക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നു. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10,01.2025 – ലെ കുറിപ്പ് മാത്രമാണ് പദ്ധതി സംബന്ധിച്ച ഫയലിൽ ഉള്ളത്. ഇത് പ്രകാരം പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ്, ഗുണഭോക്താക്കളുടെ വിവരങ്ങൾ (വിഭാഗം തിരിച്ച്), ഏത് രീതിയിലാണ് നിർവ്വഹണം നടത്തുന്നത് തുടങ്ങിയ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി പുന:സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ പദ്ധതി പരിഷ്കരിച്ച് അംഗീകരിച്ചിട്ടില്ല. 09.10.2024 – ലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് ഉൾപ്പടെയുള്ള വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് പ്രവൃത്തിക്ക് തുക മാറി നൽകിയിട്ടുള്ളത്. ₹50,00,000/- വനവികസനസമിതി, മൂന്നാറിന്റെ യൂണിയൻ ബാങ്ക് അക്കൗണ്ടിലേക്കാണ് (നം.358902010012927) നൽകിയിട്ടുള്ളത്. ടെൻഡർ പ്രകാരം നടപ്പാക്കുന്നു എന്നാണ് പദ്ധതി രേഖയിൽ ഉള്ളത്.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിൽ അനുശാസിക്കുന്ന പ്രകാരം ജില്ലാ തല യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കാതെയും ജില്ലാ സമിതിയുടെ അംഗീകാരം ലഭ്യമാക്കാതെയും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി.

2. പദ്ധതി ഏതു വിധത്തിൽ നടപ്പാക്കുന്നു, ഗുണഭോക്താക്കളുടെ എണ്ണം, ഗുണഭോക്താക്കൾ ഉൾപ്പെടുന്ന വിഭാഗം തുടങ്ങിയ വിവരങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയില്ല. ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ഇത് സംബന്ധിച്ച നിർദ്ദേശം നിർവ്വഹണോദ്യോഗസ്ഥൻ പാലിച്ചില്ല.

3. വനം വകുപ്പിന്റെ വിഹിതം കൂടി പദ്ധതി നടത്തിപ്പിൽ ഉൾപ്പെടുത്തേണ്ടതാണെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ഈ വിവരം പദ്ധതിയിലും ഉൾപ്പെടുത്തിയില്ല.

4. പദ്ധതി നടപ്പാക്കുന്നതിന് എസ്റ്റിമേറ്റ്, അനുബന്ധരേഖകൾ എന്നിവ തയ്യാറാക്കാതെയും പ്രവൃത്തിക്കുള്ള സൗരവേലിയുടെ നീളമടക്കമുള്ള വിവരങ്ങൾ, അതനുസരിച്ചുള്ള പദ്ധതിച്ചെലവ് എന്നിവ കണക്കാക്കാതെയും വനം വകുപ്പിന് തുക കൈമാറി.

5. വനം വകുപ്പ് നിക്ഷേപപ്രവൃത്തിയായി പദ്ധതി നടപ്പാക്കുന്നുവെന്ന വിവരം പദ്ധതിയിൽ ഇല്ല. സാമ്പത്തിക വർഷാവസാനം മാത്രമാണ് പദ്ധതിക്ക് ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായത് എന്ന കാരണത്താൽ തുക ലാപ്സായി പോവാതിരിക്കുന്നതിനാണ് തുക വനം വകുപ്പിന് കൈമാറിയതെന്ന കൃഷി ഓഫീസറുടെ കത്ത് പദ്ധതിനിർവ്വഹണഫയലിൽ ഉണ്ട്.

6. തുക കൈമാറിയ അവസരത്തിൽ വനം വകുപ്പുമായി പദ്ധതി നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ

വിവരിച്ചു കൊണ്ടുള്ള കരാറിൽ കൃഷി ഓഫീസർ ഏർപ്പെട്ടിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരമുള്ള യൂണിറ്റ് കോസ്റ്റ്, വനം വകുപ്പിന്റെ വിഹിതം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താതെയും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരപ്രകാരമല്ലാതെ പദ്ധതി നടപ്പാക്കിയതിനും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് വനം വകുപ്പിന് പദ്ധതി അടങ്കൽ തുക പൂർണ്ണമായും കൈമാറിയതിനും മറ്റ് പരാമർശിത അപാകങ്ങൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/തീയതി. 21.11.2025) പദ്ധതിക്ക് വകയിരുത്തിയ തുക ലാപ്സാവാതിരിക്കുന്നതിനാണ് യൂണിറ്റ് കോസ്റ്റ് മുതലായവയ നിർണ്ണയിച്ച് ലഭിക്കുന്നതിനും എസ്റ്റിമേറ്റ് ലഭ്യമാവുന്നതിന് മുൻപും പദ്ധതിപ്പണം വനം വകുപ്പിന് നിക്ഷേപപ്രവൃത്തിക്ക് നൽകിയതെന്നും പദ്ധതി നിരീക്ഷിക്കുന്നുണ്ടെന്നും കൃഷി ഓഫീസർ മറുപടി നൽകി. നിലവിൽ സോളാർ ഫെൻസിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയത് പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ നൂതനപദ്ധതി ആയതിനാൽ സർക്കാർ നിഷ്കർഷിക്കും വിധത്തിൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിക്കാതെ പദ്ധതി നടത്തിപ്പിന് ചെലവഴിച്ച ₹50,00,000/- തടസ്സപ്പെടുത്തുന്നു.

**1-26 ബാലസഭ പ്രവർത്തനങ്ങൾ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക ചെലവഴിച്ചു - ₹69,143/- നിരാകരിക്കുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 39/2025, ബാലസഭ പ്രവർത്തനങ്ങൾ |
| അടങ്കൽ (₹) | 100,000/-<br>(വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ചെലവ് (₹) | 90,143/- |
| ബിൽ നം./തീയതി/തുക (₹) | 24101052007901014474/11.12.2024/55,943/- |
| | 24101052007901193792/18.01.2025/34,200/- |

28.05.2022 - സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. പ്രകാരം, ഗ്രാമപ്പഞ്ചായത്തുകളിലെ ബാലസഭ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് ₹1,000/- വീതമാണ് ചെലവഴിക്കാവുന്നത്. ഇത് പ്രകാരം 21 വാർഡുകൾ ഉള്ള അടിമാലി ഗ്രാമപ്പഞ്ചായത്തിൽ ആകെ ചെലവഴിക്കാവുന്ന തുക ₹21,000/- മാത്രമാണ്. എന്നാൽ ബാലസഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ചെലവുകൾക്ക് നിർവ്വഹണോദ്യോഗസ്ഥ ₹90,143/- ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ₹69,143/- (₹90,143/- - ₹21,000/-) അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/തീയതി. 22.11.2025) മറുപടി നൽകിയില്ല. ടി പദ്ധതി നടപ്പാക്കിയതിന് അനുവദനീയമായതിലും അധികം ചെലവഴിച്ച ₹69,143/- നിരാകരിക്കുന്നു. തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

**1-27 വനിത വാദ്യോപകരണപരിശീലനം - പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കി - ₹51,400/- നിരാകരിക്കുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 365/2025, വനിത വാദ്യോപകരണപരിശീലനം |

| | |
|---|---|
| അടങ്കൽ (₹) | 1,00,000/-<br>(വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ചെലവ് (₹) | 51,400/- |
| ബിൽ നം./തീയതി | 24101052007901670748/24.03.2025 |

പഞ്ചായത്തിലെ വനിതകളുടെ കലാവാസനയെ പ്രോൽസാഹിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. 22 വനിതകളെ പഞ്ചായത്ത് കമ്മിറ്റിത്തീരുമാനം വഴി ഗുണഭോക്താക്കളായി തിരെഞ്ഞെടുത്ത് (11.01.2025 - ലെ അടിയന്തിരകമ്മിറ്റിയുടെ L-ാം നമ്പർ തീരുമാനം) ലിസ്റ്റ് നൽകുകയാണ് ചെയ്തത്. ശ്രീമതി സരിത എൽദോസ്, ശ്രീമതി ലിനി സന്തോഷ്, ശ്രീ മിനി ജോണി, ശ്രീമതി ബിൻസി ജോളി, ശ്രീമതി വത്സ റോയി, ശ്രീമതി ഷെർളി ജോസഫ്, ശ്രീ അമ്പിളി ബിനോയി, ശ്രീമതി ഷെർളി എം.ജെ., ശ്രീമതി ആനിയമ്മ ജേക്കബ്ബ്, ശ്രീമതി ലതാദേവി, ശ്രീമതി സജിനി ജോസഫ്, ശ്രീമതി ഗായത്രി തങ്കപ്പൻ, ശ്രീമതി നിമിഷ പി.റ്റി., ശ്രീമതി അജിത, ശ്രീമതി ലീല തങ്കപ്പൻ, ശ്രീമതി കൊച്ചുറാണി ജോസ്, ശ്രീമതി അനീസ് സുരേഷ്, ശ്രീമതി ശരണ്യ ചന്ദ്രൻ, ശ്രീമതി ബിന്ദു സതീഷ്, ശ്രീമതി ലിസ ഷാജു, ശ്രീമതി ഷൈമോൾ ഔസേഫ്, ശ്രീമതി സൗമ്യ അനിൽ എന്നിവർക്കാണ് പദ്ധതി പ്രകാരം വാദ്യമേളയിൽ പരിശീലനം നൽകിയത്. ക്വട്ടേഷൻ ക്ഷണിച്ച് പരിശീലകനെ തിരഞ്ഞെടുത്തിരുന്നു. 2025 ജനവരി മുതൽ മാർച്ച് വരെ നടത്തിയ പരിശീലനത്തിന് ₹34,000/- പരിശീലകന് നൽകിയിട്ടുണ്ട്. ₹17,400/- ചെലവഴിച്ച് പരിശീലനത്തിനാവശ്യമായ 30 പലകയും 60 കോലും വാങ്ങി. പരിശീലനകാലയളവ്, പരിശീലനപൂർത്തീകരണം എന്നീ വിവരങ്ങൾ പദ്ധതിയിലോ നിർവ്വഹണോദ്യോഗസ്ഥയും പരിശീലകനുമായുള്ള കരാറിലോ സൂചിപ്പിച്ചിട്ടില്ല.

**പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.**

1. 28.05.2022 - ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിൽ സബ്സിഡി നൽകാവുന്ന ഇനങ്ങളിൽ വനിതകൾക്ക് വാദ്യോപകരണപരിശീലനം എന്ന ഇനം ഉൾപ്പെട്ടില്ല.

2. പ്രസ്തുതമാർഗ്ഗരേഖയിലെ ഖണ്ഡിക നം.7.2.11 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാൻഡ് സെറ്റ്, ചെണ്ട, അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണെന്നും 5 % ഗുണഭോക്തൃവിഹിതമായി അടയ്ക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിന് പകരമായി പൊതുവിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വാദ്യോപകരണപരിശീലനം എന്ന പദ്ധതി നടപ്പാക്കിയിരിക്കുന്നു.

3. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.5(2) പ്രകാരം, മാർഗ്ഗരേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4. വാദ്യോപകരണപരിശീലനകാലയളവ്, പരിശീലനപൂർത്തീകരണം എന്നീ വിവരങ്ങൾ പദ്ധതിയിലോ

നിർവ്വഹണോദ്യോഗസ്ഥയും പരിശീലകനുമായുള്ള കരാറിലോ സൂചിപ്പിച്ചിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.30/തീയതി. 22.11.2025) മറുപടി നൽകിയില്ല. മേൽ അപാകങ്ങൾക്ക് കൃത്യമായ വിശദീകരണം ലഭ്യമാക്കാത്തതിനാലും വനിതകൾക്ക് വാദ്യോപകരണപരിശീലനം എന്ന പദ്ധതി സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നടപ്പാക്കിയതിനാലും ഈ പദ്ധതിക്ക് ചെലവഴിച്ച ₹51,400/- നിരാകരിക്കുന്നു.

**1-28 ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ - അപാകങ്ങൾ - ₹50,398/- നിരാകരിക്കുന്നു, ₹68,064/- തടസ്സപ്പെടുത്തുന്നു**

ഭിന്നശേഷിക്കാർക്ക് ഓർത്തോപീഡിക് ഉപകരണങ്ങൾ, ശ്രവണസഹായികൾ എന്നിവ വാങ്ങുന്നതിനാണ് ചുവടെ കൊടുത്തിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചത്. പദ്ധതികൾ പ്രകാരം കേരള സ്റ്റേറ്റ് ഹാൻഡികാപ്പ്ഡ് പേഴ്സൻസ് വെൽഫെയർ കോർപ്പറേഷനിൽ നിന്ന് ഭിന്നശേഷിക്കാർക്കുള്ള വിവിധ സഹായോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 45/25, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ (₹) | 10,00,000/-<br>(വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ചെലവ് (₹) | 8,80,558/- |
| ബിൽ നം./തീയതി/തുക (₹) | 24101052007901425309/03.03.2025/5,660/- |
| | 24101052007901503412/11.03.2025/7,94,898/- |
| | 24101052007901578726/18.03.2025/80,000/- |

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 198/25, ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ (₹) | 7,55,250/-<br>(വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ചെലവ് (₹) | 4,94,836/- |
| ബിൽ നം./തീയതി/തുക (₹) | 24101052007900331544/27.06.2024<br>/4,94,836/- |

പദ്ധതികളിലെ നടത്തിപ്പിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 45/25, 198/25 എന്നീ പദ്ധതികൾ പ്രകാരം, ഓർത്തോപീഡിക് ഉപകരണത്തിന് പകരം കിടപ്പ് രോഗികൾക്ക് ആവശ്യമുള്ള ₹64,064/- (₹57,200/- + ജി.എസ്.ടി. ₹6,864/-) വിലയിൽ 8 എയർബെഡുകൾ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം അനുവദനീയമല്ലാത്ത ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിരിക്കുന്നു.

2. രണ്ട് പദ്ധതികളിലും ഒരേ ആനുകൂല്യം നൽകിയിരിക്കുന്നു. താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് രണ്ട് പദ്ധതി പ്രകാരവും ഒരേ ഉപകരണം വിതരണം ചെയ്തിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര് | അധികം വിതരണം ചെയ്ത ഉപകരണം | വില (₹) (ജി.എസ്.ടി. ഉൾപ്പടെ ടാക്സ് ഇൻവോയിസ് പ്രകാരം) |
|---|---|---|
| ശ്രീമതി സേതു ലക്ഷ്മി പുളിയിലക്കാട്ട് | KAFO B/L | 4,620 + 231 |
| | CALIPER KNEE CAP B/L | 202 + 10.30 |
| | ACCOMMODATIVE FOOT WEAR | 1,328 + 66.4 |
| ശ്രീമതി റാണിയ ഫാത്തിമ കൊടക്കനാൽ | THERAPY MAT | 4,682 + 561.84 |
| | SENSORY KIT | 7,493 + 899.16 |
| | ACCOMMODATIVE FOOT WEAR | 1,328 + 66.4 |
| ശ്രീ സജീവൻ എ.കെ. അന്തിയാട്ട് | AIR BED | 7,150 + 858 |
| | CHROME PLATED WHEEL CHAIR ( RECLINING WHEEL CHAIR ആണ് മുൻപ് നൽകിയത്. രണ്ടും തമ്മിൽ ഹെഡ് റെസ്റ്റിന്റെ വ്യത്യാസമാണ് ഉള്ളത് ) | 7,456 + 372.8 |
| ശ്രീ സജീവ് കെ.കെ. കണിയാട്ട് | THERAPY MAT | 4,682 + 561.84 |
| | CHROME PLATED WHEEL CHAIR ( RECLINING WHEEL CHAIR ആണ് മുൻപ് നൽകിയത്. രണ്ടും തമ്മിൽ ഹെഡ് റെസ്റ്റിന്റെ വ്യത്യാസമാണ് ഉള്ളത് ) | 7,456 + 372.8 |
| ആകെ | | 46,397 + 40,00.54(ജി.എസ്.ടി.) = 50,398/- |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.34/തീയതി. 22.11.2025) മറുപടി നൽകിയില്ല. ഒരേ ഗുണഭോക്താക്കൾക്ക് തന്നെ രണ്ട് പദ്ധതികളിലുമായി ഒരേ ഉപയോഗമുള്ള പലവിധം ഉപകരണങ്ങൾ നൽകിയിരിക്കുന്നു. പൊതുപ്പണം മിതവ്യയം ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരം രണ്ട് പദ്ധതികളിലുമായി അനുവദനീയമല്ലാതെ വാങ്ങിയ എട്ട് എയർബെഡുകളുടെ ജി.എസ്.ടി. കിഴിച്ചുള്ള വിലയായ ₹57,200/- (8 X ₹7,150/-) & ജി.എസ്.ടി. @ 12 % ₹6,864/- ഉൾപ്പെടെ ആകെച്ചെലവഴിച്ച ₹68,064/- തടസ്സപ്പെടുത്തുന്നു. 45/25 - നം. പദ്ധതി പ്രകാരം ഒരേ ഗുണഭോക്താക്കൾക്ക് അധികം നൽകിയ ഉപകരണങ്ങളുടെ വിലയായ ₹46,397/- & ജി.എസ്.ടി. ₹4,000.54 ഉൾപ്പെടെ ആകെ നഷ്ടം സംഭവിച്ച ₹50,398/- നിരാകരിക്കുന്നു. ഈ തുക സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

**1-29 കർഷകർക്ക് മെറ്റലോബാക്ടീരിയ വിതരണം - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹2,00,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 420/2025, കാലാവസ്ഥാ വ്യതിയാനം - |

| | |
|---|---|
| | കീടരോഗവ്യാപനനിയന്ത്രണം – കർഷകർക്ക് മെറ്റലോബാക്ടീരിയ വിതരണം |
| അടങ്കൽ (₹) | 200,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് (₹) | 2,00,000/- |
| ബിൽ നം./തീയതി | 827/19.03.2025 |

കാലാവസ്ഥാ വ്യതിയാനം മൂലം വിളകൾക്ക് നേരിട്ട വരൾച്ച പ്രതിരോധിക്കുന്നതിന് മെറ്റലോബാക്ടീരിയ വിതരണം എന്ന പദ്ധതിയിൽ ശാന്തൻപാറ, കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ നിന്ന് 1000 L ബാക്ടീരിയ ലഭിച്ചിരുന്നു. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. – പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.6.1(19) പ്രകാരം, കർഷകസമിതികൾ വഴി നടപ്പാക്കുന്ന പദ്ധതിയുടെ വിതരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.36/തീയതി. 24.11.2025) മറുപടി നൽകിയില്ല. വിതരണരേഖകൾ ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹2,00,000/- തടസ്സപ്പെടുത്തുന്നു.

**1-30 മുട്ടക്കോഴി വിതരണം – രേഖകൾ ഹാജരാക്കിയില്ല – ₹25,48,520/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 199/25 (എസ്.ഒ.), അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ |
| അടങ്കൽ (₹) | 26,39,000/- (25,00,000 + 139000) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവ് (₹) | 25,48,520/-<br>(24,27,720 + 12,08,00) |
| ബിൽ നം./തീയതി/തുക (₹) | 24101052007801510819/25.03.2025/8,31,600/- |
| | 24101052007800345604/01.07.2024/1,75,800/- |
| | 24101052007800437501/21.07.2024/6,01,800/- |
| | 24101052007800448561/23.07.2024/7,17,000/- |
| | 24101052007800511781/07.08.2024/1,01,520/- |
| | 257807/18.10.2024/1,20,800/- |

അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ, എന്ന പദ്ധതിക്ക് ചെലവഴിച്ച ₹25,48,520/- സംബന്ധിച്ച് ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഗുണഭോക്തൃവിഹിതം ഈടാക്കിയത്, ഒടുക്കിയത്, കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ, കൈപ്പറ്റ് രസീത്, വാക്സിനേഷൻ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/തീയതി. 20.11.2025) മറുപടിയോ രേഖകളോ നൽകിയില്ല. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹25,48,520/- തടസ്സപ്പെടുത്തുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-31 പൊതുമരാമത്ത് പ്രവൃത്തികൾ – ചെലവ് 46 ശതമാനം മാത്രം**

ഗ്രാമപഞ്ചായത്തിൽ 2024-2025 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്ന നല്ലൊരു ശതമാനം പ്രവൃത്തികളും

പൂർത്തീകരിക്കാനായില്ല. ആവിഷ്കരിക്കുന്ന പദ്ധതികളുടെ ബാഹുല്യം, പദ്ധതി നടത്തിപ്പിനെ ബാധിക്കുന്നു. അടങ്കലിന്റെ 46 ശതമാനം മാത്രമാണ് വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിച്ചത്. നടപ്പിലാക്കിയ 130 പദ്ധതികളിൽ 74 പദ്ധതികളും മുൻവർഷങ്ങളിൽ ആവിഷ്കരിച്ച പദ്ധതികളാണ്. 2024-2025 – ൽ പുതുതായി ആവിഷ്കരിച്ച പദ്ധതികളിൽ 56 എണ്ണം മാത്രമാണ് നടപ്പിലാക്കുവാൻ സാധിച്ചത്. പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വിശദമായ ചർച്ചകൾ നടത്തി നടപ്പിലാക്കുവാൻ സാധിക്കുന്ന എണ്ണം പദ്ധതികൾ മാത്രം ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-32 മുട്ടക്കോഴി വിതരണം – അനുബന്ധരേഖകൾ ഹാജരാക്കിയില്ല – ₹19,96,800/- തടസ്സപ്പെടുത്തുന്നു**

| പദ്ധതി നം./പദ്ധതിയുടെ പേര് | 21/2025, അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ | |
|---|---|---|
| അടങ്കൽ (₹) | 25,40,000/- | 25,00,000/- (വികസനഫണ്ട് – പൊതുവിഭാഗം |
| | | 2,08,330/- ഗുണഭോക്തൃവിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| ചെലവ് (₹) | 19,96,800/- | |
| ബിൽ നം./തീയതി/തുക (₹) | 24101052007801517959/12.03.2025/4,64,000/- | |
| | 24101052007801517961/12.03.2025/4,49,400/- | |
| | 24101052007801517962/12.03.2025/4,68,000/- | |
| | 24101052007801517960/12.03.2025/4,61,400/- | |
| | 476872/29.03.2025/1,53,600/- | |

2024-2025 – ൽ ഗ്രാമപ്പഞ്ചായത്തിൽ മുട്ടക്കോഴി വിതരണത്തിന് ആവിഷ്കരിച്ച മേൽ പദ്ധതി പ്രകാരം 15360 കോഴിക്കുഞ്ഞുങ്ങൾക്ക് ₹130/- നിരക്കിൽ ആകെ ₹19,96,800/- ആണ് ചെലവഴിച്ചത്. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ 3072 ഗുണഭോക്താക്കൾക്ക് അഞ്ച് കോഴികളെ വീതം നൽകുമ്പോൾ ഗുണഭോക്താവ് ₹50/- ഗുണഭോക്തൃവിഹിതമായി ഒടുക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾ കൃത്യമല്ല. രസീത് ബുക്ക് നം.28339 പ്രകാരം ഏതാനും വാർഡുകളുടെ പേരിൽ മൊത്തമായി തുക ഒടുക്കിയ രസീത് മാത്രമാണ് ലഭിച്ചത്.

ഉദാ:

| വാർഡ് നം. | രസീത് നം./തീയതി | തുക ഒടുക്കിയതിന്റെ വിവരം | തുക (₹) |
|---|---|---|---|
| 8 | 10/28339 | 45 X 50 | 2,250 |
| 20 | 27/28339 | 180 X 50 | 9,000 |
| 16 | 28/28339 | 178 X 50 | 8,900 |

തുകയുടെ ഒടുക്ക് ആരുടെ പേരിലാണ് എന്ന വിവരം വ്യക്തമല്ല. മുഴുവൻ ഗുണഭോക്തൃവിഹിതവും ഇപ്രകാരം രസീത് ബുക്കുകൾ പ്രകാരം പിരിച്ചിട്ടില്ല.

2. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനത്തിൽ നിന്നുള്ള താഴെ സൂചിപ്പിക്കുന്ന ബില്ലുകൾ പ്രകാരം വിതരണം നടത്തിയതായാണ് രേഖകൾ ലഭ്യമായിട്ടുള്ളത്.

<table>
<tr><th>ടാക്സ് ഇൻവോയിസ് നം./തീയതി</th><th>തുക (₹)</th><th>ലഭ്യമാക്കിയ കോഴികളുടെ എണ്ണം</th></tr>
<tr><td>16/12.03.2025</td><td>4,94,000</td><td>3800</td></tr>
<tr><td>17/12.03.2025</td><td>4,94,000</td><td>3800</td></tr>
<tr><td>15/12.03.2025</td><td>4,94,000</td><td>3800</td></tr>
<tr><td>19/12.03.2025</td><td>4,94,000</td><td>3800</td></tr>
<tr><td colspan="2">ആകെ</td><td>15200</td></tr>
</table>

ബില്ലുകൾ പ്രകാരം ആകെ ലഭ്യമാക്കിയ കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം 15200 മാത്രമാണ്.

3. വാക്സിനേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ലഭ്യമാക്കിയ കോഴിക്കുഞ്ഞുങ്ങളുടെ വിവരം താഴെക്കൊടുക്കുന്നു.

<table>
<tr><th colspan="2">കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം</th><th>സർട്ടിഫിക്കറ്റിലെ തീയതി</th></tr>
<tr><td colspan="2">3500</td><td>26.05.2025</td></tr>
<tr><td colspan="2">3750</td><td>31.05.2025</td></tr>
<tr><td colspan="2">3600</td><td>05.06.2025</td></tr>
<tr><td colspan="2">3600</td><td>03.07.2025</td></tr>
<tr><td colspan="2">3600</td><td>11.07.2025</td></tr>
<tr><td>കോഴിക്കുഞ്ഞുങ്ങളുടെ ആകെ എണ്ണം</td><td>18,050</td><td></td></tr>
</table>

ഇത് പ്രകാരമുള്ള വാക്സിനേഷൻ, വിതരണഇൻവോയിസ് തീയതിക്ക് ശേഷമാണ്.

4. പല ഗുണഭോക്താക്കളുടേത് എന്ന രീതിയിൽ വലിയ തുക ഒരുമിച്ചാണ് മാന്വൽ രസീത് പ്രകാരം

പിരിച്ചെടുത്ത് ഒടുക്കിയിട്ടുള്ളത്. ഏതൊക്കെ ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമാണ് പിരിച്ചെടുത്തിട്ടുള്ളത് എന്നത് സൂചിപ്പിക്കുന്ന കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആരാണ് തുക ഒടുക്കിയതെന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. ₹1,53,600/- ആണ് ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കേണ്ടിയിരുന്നത്. എന്നാൽ ₹85,000/- മാത്രമാണ് രസീത് ബുക്ക് പ്രകാരം പിരിച്ചെടുത്തിട്ടുള്ളത്. പഞ്ചായത്തിൽ ഒടുക്കിയ കെ-സ്മാർട്ട് രസീതുകൾ പ്രകാരം ₹1,54,800/- ഒടുക്കിയതിന്റെ രസീതുകൾ ഹാജരാക്കിയിട്ടുണ്ട്. ഈ തുകയും ഗുണഭോക്തൃവിഹിതമായ ₹1,53,600/- തമ്മിൽ വൈരുദ്ധ്യമുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിലെ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഈ തുക പൂർണ്ണമായും പിരിച്ചെടുത്തത് തന്നെയാണെ എന്നത് ഉറപ്പാക്കാനായില്ല.

5. ഗുണഭോക്താക്കളുടെ അപേക്ഷകൾ കൃത്യമാക്കി എണ്ണം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപേക്ഷ പരിശോധിച്ചപ്പോൾ കോഴിക്കുഞ്ഞുങ്ങൾ ലഭ്യമായതായി സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും അപേക്ഷകളുടെ എണ്ണവും വ്യത്യസ്തമായി കാണുന്നു. അപേക്ഷയിൽ ഗുണഭോക്താവിന്റെ ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ലഭ്യമായ അപേക്ഷയോടൊന്നിച്ച് ഗുണഭോക്താവിന്റെ പേരിൽ കൈപ്പറ്റ് രസീത് ഉൾപ്പെടുത്തിയിട്ടുണ്ട്. 3072 ഗുണഭോക്താക്കളുടെ അപേക്ഷ, കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് കോഴികൾ ലഭ്യമായോ എന്ന വിവരം ഉറപ്പാക്കാൻ സാധിച്ചില്ല.

6. എല്ലാ വർഷവും വൻ തുകയാണ് കോഴി വളർത്തൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിക്കുന്നത്. 2024-2025 – ൽ തന്നെ, അടുക്കള മുറ്റത്തെ മുട്ടക്കോഴി വളർത്തൽ, 199/24(S.O.) – നം.പദ്ധതി പ്രകാരം ₹25,48,520/- ചെലവഴിച്ചിട്ടുണ്ട്. വരും വർഷവും മുട്ടക്കോഴി വളർത്തൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

മൂന്ന് തുടർവർഷങ്ങളിലെ മുട്ടക്കോഴി വളർത്തൽ പദ്ധതിയുടെ അടങ്കൽ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി നം. | ചെലവ് തുക (₹) |
|---|---|---|
| 2023-2024 | 231 | 25,00,000 |
| | 45 | 69,300 |
| 2024-2025 | 199 | 25,48,520 |
| | 21 | 19,96,800 |
| 2025-2026 | 70 | 16,25,000 |

ഒരേ പദ്ധതിക്ക് വർഷാവർഷം ഗണ്യമായ തുക ചെലവഴിച്ചിട്ടും എല്ലാ വീടുകളിലും മുട്ടക്കോഴി വളർത്തൽ എന്ന പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് നാളിതു വരെ സാധിക്കുന്നില്ല എന്നത് പദ്ധതി

ആസൂത്രണത്തിന്റെയും തുടർമോണിട്ടറിംഗിന്റെയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 20.11.2025) മറുപടിയോ രേഖകളോ നൽകിയില്ല. അനുബന്ധരേഖകളുടെ അഭാവത്തിൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹19,96,800/- തടസ്സപ്പെടുത്തുന്നു.

**1-33 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലെ ഇ – ടെണ്ടർ ഫീയുടെ നീക്കിയിരിപ്പ് പഞ്ചായത്തിന് കൈമാറിയില്ല**

തൻവർഷാവസാനം അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, അടിമാലി ബ്രാഞ്ചിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.35180711451) അവശേഷിക്കുന്ന ഇ – ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറിയില്ല.

| | |
|---|---|
| തീയതി | 07.03.2025 |
| അവശേഷിക്കുന്ന തുക (₹) | 3,43,600.25 |

അവശേഷിക്കുന്ന ഇ – ടെണ്ടർ ഫീ പഞ്ചായത്തിന് കൈമാറി വിവരമറിയിക്കേണ്ടതാണ്.

**1-34 കമ്പിലൈൻ കുടിവെള്ളപദ്ധതി പൂർത്തികരിച്ചില്ല**

പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന കുടിവെള്ളപദ്ധതി, പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 18.11.2025 – ൽ നേരിൽ പരിശോധിച്ചതിൽ, പദ്ധതി തൻവർഷം പൂർത്തികരിച്ചില്ലെന്ന് ബോധ്യപ്പെട്ടു. തൻമൂലം ഈ കുടിവെള്ളപദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 504/2024-2025(എസ്.ഒ.), കമ്പിലൈൻ കുടിവെള്ളപദ്ധതി |
| അടങ്കൽ (₹) | 5,00,000/- ധനകാര്യകമ്മീഷൻ അവാർഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നം. | 13643/2024 |
| കരാറുകാരന്റെ പേര് | ശ്രീ സൺസിരിൽ അലക്സ് |
| ചെലവ് (₹) | 4,24,066/- |
| ബിൽ നം./തീയതി | XFVC-15/2024-2025/13.12.2024 |
| **റിമാർക്സ് :** കിണറ്റിൽ നിന്നും 626.400 മീറ്റർ 50 Mm GI പൈപ്പ് മാത്രമാണ് കുടിവെള്ളപദ്ധതിയുടെ പാതി സ്ഥലത്ത് ഇട്ടിരിക്കുന്നത് മോട്ടോർ, വൈദ്യതി കണക്ഷൻ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | |

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 125/2024-2025, കമ്പിലൈൻ കുടിവെള്ളപദ്ധതി |
| അടങ്കൽ (₹) | 4,63,000/- ധനകാര്യകമ്മീഷൻ അവാർഡ് |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നം. | 51524/2024 |
| കരാറുകാരന്റെ പേര് | ശ്രീ ഐ.വൈ.എൽദോസ് |
| ചെലവ് (₹) | 4,45,826/- |
| ബിൽ നം./തീയതി | XVFC/2024-25/P-102/24/01.01.2025 |
| **റിമാർക്സ് :** ടാങ്ക് മാത്രമാണ് പണിതിട്ടുള്ളത്. മോട്ടോർ, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | |

വ്യക്തമായ പദ്ധതി തയ്യാറാക്കി പദ്ധതിക്ക് ആകെ ആവശ്യമായ അടങ്കൽ നിർണ്ണയിച്ച് ഒരു വാർഷിക പദ്ധതിയിൽ നിർമ്മിക്കുന്നതിന് സാധിക്കില്ലെങ്കിൽ ബഹുവർഷപദ്ധതിയായോ ഫണ്ടിലെ അഭാവമുണ്ടെങ്കിൽ സംയുക്തപദ്ധതിയായോ ആവിഷ്കരിച്ച് വേണം നിർമ്മാണം നടത്തേണ്ടിയിരുന്നത്. പൂർത്തീകരണത്തിന് ആവശ്യമായ തുക വകയിരുത്താതെയാണ് പദ്ധതി ആവിഷ്കരിച്ചത്.

ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിന് കുടിവെള്ളപദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-35 പതിനാലാം മൈൽ സബ്സെന്റർ അറ്റകുറ്റപ്പണി - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 352/25, 14-ാം മൈൽ സബ്സെന്റർ അറ്റകുറ്റപ്പണി |
| അടങ്കൽ (₹) | 10,00,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവ് (₹) | 5,86,971/- |
| ബിൽ നം./തീയതി | 241010520112014102034/28.02.2025 |

അടിമാലി ഗ്രാമപ്പഞ്ചായത്ത് വാർഡ് 2 - ലെ പി.എച്ച്.സി. സബ്സെന്ററിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് ആവിഷ്കരിച്ചതാണ് പ്രസ്തുത പദ്ധതി. പി.എച്ച്.സി. സബ്സെന്ററിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം ₹5,86,971/- ചെലവഴിച്ച് പൂർത്തീകരിച്ചു. ബാലൻസ് തുക ചെലവഴിക്കുന്നതിന് എസ്റ്റിമേറ്റിൽ പ്രൊവിഷൻ ഇല്ലാത്തതിനാൽ 2.5 ശതമാനം തുക റിട്ടെൻഷൻ തുകയായി തടഞ്ഞ് വച്ച് പാർട്ട് ബിൽ പ്രകാരമാണ് തുക നൽകിയത്. പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിച്ച് തുക ചെലവഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മണ്ണ് പ്രവൃത്തിക്ക് അധികം തുക അനുവദിച്ചു - ₹27,450/- നിരാകരിക്കുന്നു

**1. ഇളമ്പ്ലാശ്ശേരി കുടിവെള്ളപദ്ധതി**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 277/2024-2025, ഇളമ്പ്ലാശ്ശേരി കുടിവെള്ളപദ്ധതി |
| അടങ്കൽ (₹) | 3,82,645/-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| ഫയൽ നമ്പർ | 57825/2023 (Cost Index 39.83%) |
| അളവ് ബുക്ക് | E-MBook |
| കരാറുകാരൻ | ശ്രീ സൺസിരിൽ അലക്സ് |
| കരാർ നമ്പർ/തീയതി | 59/AE/LSGD/ADLY/2023-2024/18.10.2023 |
| ചെലവ് (₹) | 2,84,517/- |
| വൗച്ചർ നം./തീയതി | XFVC-65/2024-25/06.11.2024 |

ഈ പ്രവൃത്തിയുടെ ഇനം ഒന്ന് ആയി മണ്ണ് കിളച്ചെടുത്തതിന് PRICE കോഡ് 2.8.1 പ്രകാരമുള്ള നിരക്കാണ് നൽകിയിരിക്കുന്നത്. ഡാറ്റാ പരിശോധനയിൽ, 1.50 മീറ്ററിൽ അധികമാകാത്ത വീതിയിൽ മണ്ണ് കിളച്ച് നീക്കുന്നതിനാണ് ഈ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകാവുന്നത്. എന്നാൽ ഇവിടെ എർത്ത് വർക്കിന്റെ വീതി 7.00 മീറ്റർ ആണ് എന്ന് അളവ് ബുക്ക്, എസ്റ്റിമേറ്റ് എന്നിവയിൽ നിന്ന് വ്യക്തമാവുന്നു. ഇതേ വീതിയിൽത്തന്നെയാണ് പ്രവൃത്തി ചെയ്തതെന്ന് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എർത്ത് വർക്കിന്റെ വീതി 1.5 മീറ്ററിൽ അധികം വരുന്ന പ്രവൃത്തിയിൽ കോഡ് 2.8.1 പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല. ഈ ഇനത്തിന് PRICE കോഡ് 2.6.1 പ്രകാരമുള്ള നിരക്കാണ് നൽകേണ്ടിയിരുന്നത്. തെറ്റായ കോഡ് നൽകിയതിനാൽ പ്രവൃത്തിയിൽ ചുവടെ കൊടുക്കും പ്രകാരം കരാറുകാരന് അധികം തുക നൽകിയിരിക്കുന്നു.

| ഇനം, അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം നൽകിയ തുക (GST ഉൾപ്പെടെ) (₹) |
|---|---|---|---|
| 1<br>എർത്ത് വർക്ക്<br>242.330 $M^3$ | 65,186.77<br>@ 269/$M^3$ | 53,487.07<br>@ 220.72/$M^3$ | 11,699.70<br>+ GST @ 18% ₹2,105.95<br>= 13805.65<br>13,806/- |

**2. പകൽവീട് നിർമ്മാണം**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 218/2024-2025, പകൽവീട് നിർമ്മാണം |
| അടങ്കൽ (₹) | 28,70,643/- (വികസനഫണ്ട് – പൊതുവിഭാഗം) |
| നിർവഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ഫയൽ നമ്പർ | 7761/2024 (Cost Index 39.83 %) |
| അളവ് ബുക്ക് | E-MBook |
| കരാറുകാരൻ | ശ്രീ റോയി തോമസ് |
| കരാർ നമ്പർ | 122/AE/LSGD/ADLY/2023-2024/06.03.2024 |
| ചെലവ് (₹) | 26,72,163/- |
| ബിൽ നം./തീയതി/തുക (₹) | 241010520112012911113/06.02.2025/12,64,370/-<br>24101052011201481769/10.03.2025/14,07,793/- |

| ഇനം/അളവ് | നൽകിയ തുക (₹) | നൽകാവുന്ന തുക (₹) | അധികം നൽകിയ തുക (GST ഉൾപ്പെടെ) (₹) |
|---|---|---|---|
| 1<br>എർത്ത് വർക്ക്/<br>166.90 M3 | 48,401<br>@ 290/M3 | 36,838.17<br>@ 220.72/M3 | 11,562.83<br>+ GST @ 18 % 2,081.31<br>= 13,644.14/-<br>= 13,644/- |

അനുയോജ്യമായ സ്പെസിഫിക്കേഷൻ തിരഞ്ഞെടുക്കാത്തതിനും കരാറുകാരന് അധികം തുക അനുവദിച്ചതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീയതി. 19.01.2025) മറുപടി നൽകിയില്ല.

അധികം അനുവദിച്ച തുക ₹27,450/-(₹13,806/- + ₹13,644/-) ഉത്തരവാദികളായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-37 സാമൂഹ്യസുരക്ഷാപെൻഷൻ - മരിച്ചവരുടെ അക്കൗണ്ടിൽ തുക നിക്ഷേപിച്ചു

സാമൂഹ്യസുരക്ഷാപെൻഷൻ അനുവദിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23.09.2020 - ലെ സ.ഉ.(കൈ)നം.97/2020/ധന. പ്രകാരം, മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

22.01.2018 - ലെ സർക്കുലർ നമ്പർ എസ്.എഫ്.സി-ബി2/53/2017/ധന. പ്രകാരം, മറ്റേതെങ്കിലും പ്രാദേശികസർക്കാരിന്റെ പരിധിയിൽ മരണം/പുനർവിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശികസർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട/പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശികസർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശികസർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം വിതരണം ചെയ്ത സാമൂഹ്യസുരക്ഷാപെൻഷന്റെ ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ അവർ മരണപ്പെട്ടശേഷവും തുക നിക്ഷേപിച്ചിരിക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണം നടത്തിയ മാസം | റിമാർക്സ്/ സ്ററാറ്റസ് |
|---|---|---|---|---|---|
| 1 | ശ്രീ ബേബി തോമസ് വട്ടയ്ക്കാട്ട് | കർഷകത്തൊഴിലാളി പെൻഷൻ | 12.11.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 2 | ശ്രീമതി കുഞ്ഞമ്മ ശ്രീധരൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 15.09.2025 | 2025നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 3 | ശ്രീ കുഞ്ഞുമോൻ പി.എ. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 03.05.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | ആക്ടീവ് |
| 4 | ശ്രീ കൃഷ്ണൻ | ഇന്ദിരാഗാന്ധി ദേശീയ | 21.08.2025 | 2025 നവംബർ | സസ്പെൻഡ് |

| | | | | | |
|---|---|---|---|---|---|
| | എം.എസ്. മുളുവാൻകുടി | വാർദ്ധക്യകാലപെൻഷൻ | | വരെയുള്ള തുക ബാങ്കിന് കൈമാറി | |
| 5 | ശ്രീ കുന്നുംപുറത്ത് ജോൺ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 27.05.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 6 | ശ്രീ രാമകൃഷ്ണൻ പി.ജി. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.01.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 7 | ശ്രീമതി പാർവ്വതി പഞ്ചമണി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 22.05.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 8 | ശ്രീ പൊന്നപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 29.03.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 9 | ശ്രീമതി ശോശാമ്മ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 04.04.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 10 | ശ്രീമതി കുഞ്ഞമ്മ വർഗ്ഗീസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 23.08.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 11 | ശ്രീമതി മറിയം മത്തായി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 21.09.25 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 12 | ശ്രീ ശാമുവൽ ജോസഫ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 4.07.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 13 | ശ്രീ സണ്ണി കെ.ജെ. | (ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 8.02.2023 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 14 | ശ്രീ പി.ഡി.ജോണി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 21.03.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 15 | ശ്രീ ഓനപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ | 24.04.2025 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |
| 16 | ശ്രീ കുമാരൻ പി.കെ. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാലപെൻഷൻ) | 19.12.2024 | 2025 നവംബർ വരെയുള്ള തുക ബാങ്കിന് കൈമാറി | സസ്പെൻഡ് |

പെൻഷനറുടെ മരണശേഷം പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതും അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതുമാണ്. ആയതിന് ഗ്രാമപ്പഞ്ചായത്തിലെ മരണം രജിസ്റ്റർ ചെയ്യുന്ന സെക്ഷൻ, പെൻഷൻ സെക്ഷനിലേക്ക് യഥാസമയം ഫയൽ കൈമാറേണ്ടതും ടിയാൾ പെൻഷനർ ആണെങ്കിൽ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതുമാണ്. മറ്റേതെങ്കിലും പ്രാദേശികസർക്കാരിന്റെ പരിധിയിൽ മരണം റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശികസർക്കാർ ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-38 പകൽവീട് നിർമ്മാണം പൂർത്തിയായില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 218/2025, പകൽവീട് |
| അടങ്കൽ (₹) | 28,70,643/- (വികസനഫണ്ട്) |

| | | |
|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ചെലവ് (₹) | 26,72,763/- | |
| ബിൽ നം./തീയതി/തുക (₹) | 241010520112012911113/06.02.2025/12,64,370/- | |
| | 241010520112014817169/10.03.2025/14,07,793/- | |

അടിമാലി ഗ്രാമപ്പഞ്ചായത്ത് ഓഫീസിന് സമീപത്തായി പകൽവീട് നിർമ്മിക്കുന്നതിനായി വികസനഫണ്ടിൽ നിന്നും ₹28,70,643/- ചെലവഴിച്ച് ആവിഷ്കരിച്ച പദ്ധതിയാണ് പകൽവീട് നിർമ്മാണം. പദ്ധതിക്ക് ₹26,72,163/- ചെലവഴിച്ചുവെങ്കിലും സ്ട്രക്ചറൽ പ്രവൃത്തിമാത്രമാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സമാഹരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റ് മാലിന്യങ്ങളും കൊണ്ടിടുന്നതും വേർതിരിക്കുന്നതും പാതിവഴിയിൽ നിർമ്മാണം നിലച്ച ഈ കെട്ടിടത്തിലാണ്. പദ്ധതി പൂർത്തീകരിക്കുന്നതിനായി തുടർപദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. കെട്ടിടനിർമ്മാണപദ്ധതികളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പദ്ധതിയായി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്ന് 19.04.2022 – ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക നം.3.5.1(8) – ൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തികവർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത പദ്ധതികൾ ബഹുവർഷപദ്ധതികളായി തരംതിരിച്ച് ഓരോ വർഷവും പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുവേണ്ടി വരുന്ന അടങ്കലും വ്യക്തമമായി രേഖപ്പെടുത്തി പദ്ധതിയുടെ മൊത്തം അടങ്കൽ കണക്കാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.3.5.2. – ൽ വ്യക്തമമാക്കിയിട്ടുണ്ട്. 2021 – ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാന്വൽ, ഖണ്ഡിക നം.2302.1 & 2302.2 എന്നിവയിലും ഇക്കാര്യങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി പദ്ധതികൾ ഏറ്റെടുക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പകൽവീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതുമാണ്.

**1-39 സ്പോർട്സ് ഉപകരണങ്ങളുടെ വിതരണം – കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കും ആനുകൂല്യം നൽകി – ₹24,000/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 53/25, രജിസ്റ്റേഡ് യുവജന സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് ഉപകരണങ്ങളുടെ വിതരണം |
| അടങ്കൽ (₹) | 1,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 84,000/- |
| വൗച്ചർ നം./തീയതി | XVFC/2024-25/P/121/09.03.2025 |

28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച പതിനാലാം

പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.7.7.2 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് ₹6,000/- വീതം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപ്പഞ്ചായത്ത്, മേൽ പദ്ധതി പ്രകാരം 14 യുവജനസംഘടനകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിരുന്നു. ആനുകൂല്യം കൈപ്പറ്റിയതിൽ 4 സംഘടനകൾ സ്പോർട്സ് കൗൺസിലിലോ രജിസ്ട്രേഷൻ വകുപ്പിലോ രജിസ്റ്റർ ചെയ്യുന്നതിന് പകരം കുടുംബശ്രീയിലാണ് രജിസ്റ്റർ ചെയ്തത്. കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത സംഘടനകളുടെ വിവരം താഴെ സൂചിപ്പിക്കുന്നു.

| ക്രമ നം. | സംഘടനയുടെ പേര് |
|---|---|
| 1 | ട്രീംസ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ് കുതിരലക്കുടി |
| 2 | ചികിലമുത്ത് യൂത്ത് ക്ലബ് ചിന്നപ്പാറക്കുടി |
| 3. | പ്രീയദർശിനി യൂത്ത് ക്ലബ് അടിമാലി, ചിന്നപ്പാറക്കുടി |
| 4 | പൊയ്ക യൂത്ത് ക്ലബ് കുളമാംകുഴിക്കുടി, വാളറ |

കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത സംഘടനകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/തീയതി. 21.11.2025) മറുപടി നൽകിയില്ല. ആയതിനാൽ മുകളിൽ സൂചിപ്പിച്ച 4 സംഘടനകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ ചെലവഴിച്ച ₹24,000/-(₹6,000*4) തടസ്സപ്പെടുത്തുന്നു.

## 1-40 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും അറ്റകുറ്റപ്പണിയും - അപാകങ്ങൾ - ₹99,880/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 143/25, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും മെയിന്റനൻസും |
| അടങ്കൽ (₹) | 1,00,000/- (വികസനഫണ്ട് - പൊതുവിഭാഗം) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 99,880/- |
| ബിൽ റഫറൻസ് നം./തീയതി | 2410075201100161264/20.03.2025 |

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള പ്രവർത്തനരഹിതമായ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനസജ്ജമാക്കുന്നതിനും തെരുവുവിളക്ക് ഇല്ലാത്ത സ്ഥലങ്ങളിൽ ഇലക്ട്രിക് പോസ്റ്റുകളിൽ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനുമായി അസൂത്രണം ചെയ്ത പദ്ധതിയാണിത്. അംഗീകരിച്ച പദ്ധതി പ്രകാരം 25 യൂണിറ്റ് പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ₹75,000/- - യും ഒരു യൂണിറ്റ് ലൈറ്റ് അറ്റകുറ്റപ്പണിപ്പണി നടത്തുന്നതിന് ₹25,000/- - യും ഉൾപ്പെടെ ആകെ ₹1,00,000/-വകയിരുത്തിയിരുന്നു.

24 വാട്ട് എൽ.ഇ.ഡി. ലൈറ്റ് (പെൻഡന്റ് ഹോൾഡർ, ഷീൽഡ്, പി.വി.സി.ഫിറ്റിംഗ്സ്, ഓട്ടോമാറ്റിക് സെൻസിംഗ് യൂണിറ്റ്, സർജ് പ്രൊട്ടക്ഷൻ യൂണിറ്റ് വിത്ത് ഫ്യൂസ്) സ്ഥാപിക്കുന്നതിന് 01.02.2025 – ലെ എസ്.സി.2-143/25 – നമ്പർ ടെണ്ടർ പരസ്യംനടത്തുകയും കുറഞ്ഞ നിരക്കായ ₹1,140/യൂണിറ്റ് രേഖപ്പെടുത്തിയ ശ്രീ സജി ജോസഫ്, ഡിജിറ്റൽ ഇലക്ട്രോണിക്സ്, ചെറുതോണിയുടെ ടെണ്ടർ 15.02.2025 – ലെ 3(3) നം.കമ്മറ്റി തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിരുന്നു. 11.03.2025 – ലെ എസ്.സി.2-143/24-25 – നമ്പർ കരാർ പ്രകാരം, ഡിജിറ്റൽ ഇലക്ട്രോണിക്സിന്റെ 19.03.2025 – ലെ 308 – നമ്പർ ബിൽ ഓഫ് സപ്ലൈ പ്രകാരം ₹1,135/- നിരക്കിൽ 87 സ്ട്രീറ്റ് ലൈറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഉണ്ട്. ആയതിന് മേൽ ബില്ല് പ്രകാരം ₹99,880/-നൽകിയിരിക്കുന്നു. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 25 യൂണിറ്റ് പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് ₹75,000/- – യും ഒരു യൂണിറ്റ് ലൈറ്റ് അറ്റകുറ്റപ്പണിപ്പണി നടത്തുന്നതിന് ₹25,000/- – യും ഉൾപ്പെടെ ആകെ ₹1,00,000/-വകയിരുത്തിയിരിക്കുന്നു. യൂണിറ്റ് കോസ്റ്റ് കണക്കാക്കാതെ ഇത്തരത്തിൽ അടങ്കൽ വകയിരുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല.

2. മെയിന്റനൻസ് നടത്തേണ്ട സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ എണ്ണം കണക്കാക്കാതെ 1 യൂണിറ്റ് എന്ന് പദ്ധതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

3. ടെണ്ടർ നോട്ടീസിൽ മെയിന്റനൻസ് നടത്തുന്നത് സംബന്ധിച്ച് പരാമർശമൊന്നും രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തിയപ്പോൾ മെയിന്റനൻസ് നടത്തിയിട്ടില്ല.

4. നിശ്ചിത രൂപത്തിലുള്ള തെരുവുവിളക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 'രജിസ്റ്റർ ഫോർ സ്ട്രീറ്റ് ലൈറ്റ് ' എന്ന പേരിൽ തയ്യാറാക്കിയിരിക്കുന്ന രജിസ്റ്ററിൽ 13 വാർഡുകൾക്കായി പ്രത്യേകം പേജുകൾ നൽകി വർഷവും എണ്ണവും മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ച പോസ്റ്റ് നമ്പരുകൾ, തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5. ബില്ല് ഓഫ് സപ്ലൈ പ്രകാരം മാത്രമാണ് 87 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥനോ ഉത്തരവാദിത്വപ്പെട്ട മറ്റാരെങ്കിലുമോ ഉറപ്പാക്കുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

6. ബിൽ ഓഫ് സപ്ലൈ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ള ഇനങ്ങൾ തന്നെയാണോ യഥാർത്ഥത്തിൽ സ്ഥാപിച്ചിരിക്കുന്നത് എന്ന് ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.42/തീയതി. 05.12.2025) മറുപടി നൽകിയില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹99,880/- തടസ്സപ്പെടുത്തുന്നു.

**1-41 വാട്ടർ അതോറിറ്റി – വെള്ളക്കരം കുടിശ്ശിക ഒടുക്കൽ – അനുബന്ധരേഖകളുടെ പിൻബലമില്ലാതെ ഒടുക്കി – ₹₹1,75,287/-തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 166/25, വാട്ടർ അതോറിറ്റി കുടിശ്ശിക ഒടുക്കൽ |
| അടങ്കൽ (₹) | 2,00,000/- (തനത് ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 1,75,287/- |
| വൗച്ചർ നം./തീയതി | 22400440/05.08.2024 |

കേരള വാട്ടർ അതോറിറ്റിയുടെ 10.06.2024 – ലെ A4-342/10/Vol.IV – നം. കത്തിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം ₹1,75,287/- വാട്ടർ അതോറിറ്റി കുടിശ്ശിക, പിഴ ഉൾപ്പെടെ ഒടുക്കിയിരുന്നു. കുടിശ്ശികയുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് പഞ്ചായത്തിൽ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് മുൻപ് ലഭിച്ച ഡിമാന്റ് നോട്ടീസ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മേൽ രേഖകൾ ആവശ്യപ്പെട്ടുകൊണ്ടും ഏതു രേഖയെ അടിസ്ഥാനമാക്കിയാണ് തുക ഒടുക്കിയത് എന്നും വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/തീയതി. 21.11.2025) മറുപടി നൽകിയില്ല. അനുബന്ധരേഖകളുടെ പിൻബലമില്ലാതെ കേരള വാട്ടർ അതോറിറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രം കുടിശ്ശിക ഒടുക്കാൻ ചെലവഴിച്ച ₹1,75,287/- തടസ്സപ്പെടുത്തുന്നു.

**1-42 മുടിപ്പാറ കുടിവെള്ള പദ്ധതി – വൈദ്യുതികണക്ഷൻ – നിക്ഷേപപ്രവൃത്തി കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചില്ല – ₹2,44,541/- തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 397/25, മുടിപ്പാറ കുടിവെള്ളപദ്ധതിക്ക് വൈദ്യുതികണക്ഷൻ |
| അടങ്കൽ (₹) | 3,25,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 2,44,541/- |
| വൗച്ചർ നം./തീയതി | XVFC/2024-25/P/78/13.03.2025 |

മുടിപ്പാറ കുടിവെള്ളപദ്ധതിയുടെ വൈദ്യുതികണക്ഷൻ, നിക്ഷേപപ്രവൃത്തിയായി ചെയ്യുന്നതിന് കെ.എസ്. ഇ.ബി. ലിമിറ്റഡ്, അടിമാലി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, മേൽ വൗച്ചർ പ്രകാരം

നിക്ഷേപത്തുക നൽകിയിരുന്നു. എന്നാൽ പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച ₹2,44,541/- തടസ്സപ്പെടുത്തുന്നു.

**1-43 കുടിവെള്ളവിതരണം - അപാകങ്ങൾ - ₹7,37,100/- തടസ്സപ്പെടുത്തുന്നു**

| ചെലവ് (₹) | 7,37,100/- |
|---|---|
| വൌച്ചർ നം./തീയതി/തുക (₹) | 1) 22400272/22.06.2024/3,32,640/- |
| | 2) 22400368/17.07.2024/2,52,000/- |
| | 3) 22400382/22.07.2024/1,52,460/- |

പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ സെക്രട്ടറി മേൽ വൗച്ചർ പ്രകാരം കുടിവെള്ള വിതരണത്തിനായി തുക ചെലവഴിച്ചിരിക്കുന്നു.

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. എല്ലാവർഷവും നടത്തുന്ന പദ്ധതിയായിട്ടും പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2. 19.02.2024 – ലെ സ.ഉ.(സാധാ)നം.405/2024/ത.സ്വ.ഭ.വ. – ലെ വ്യവസ്ഥ 4 പ്രകാരം ,വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലൊരു പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

3. 19.02.2024 – ലെ സ.ഉ.(സാധാ)നം.405/2024/ത.സ്വ.ഭ.വ. – ലെ വ്യവസ്ഥ 8 പ്രകാരം കുടിവെള്ളവിതരണത്തിന്റെ തുക അനുവദിക്കുന്നതിന് മുൻപ്, വാഹനലോഗും ജി.പി.എസ്. ലോഗും സെക്രട്ടറി ക്രോസ്ചെക്ക് ചെയ്യണമെന്നും കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാഹനലോഗും ജി.പി.എസ്. ലോഗും സെക്രട്ടറി ക്രോസ്ചെക്ക് ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

4. ശ്രീ ബിബിൻ സാജു, കാക്കത്തോട്ടത്തിൽ, വാളയാർ എന്ന വ്യക്തിയാണ് ആദ്യ രണ്ട് വൗച്ചറുകൾ പ്രകാരമുള്ള കുടിവെള്ളം വിതരണം ചെയ്തത്. കുടിവെള്ളം വിതരണം ചെയ്യാൻ ഇദ്ദേഹത്തെ എപ്രകാരമാണ് തിരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5. ട്രിപ്പ് 1 – ന് ₹2,000/- ക്രമത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. കരാറിൽ തുക രേഖപ്പെടുത്താത്തതിനാലും ടെണ്ടർ/ക്വട്ടേഷൻ രേഖകളുടെ അഭാവത്തിലും ഇക്കാര്യത്തിലെ കൃത്യത പരിശോധിക്കാനായില്ല.

6. സർക്കാർ ഉത്തരവ് പ്രകാരം ജി.പി.എസ്. ഘടിപ്പിച്ച വാഹനത്തിൽ മാത്രമേ കുടിവെള്ളം വിതരണം ചെയ്യാൻ പാടുള്ളൂ. എന്നാൽ വൗച്ചർ നമ്പർ.2240038 പ്രകാരം നൽകിയിരിക്കുന്ന ₹1,52,460/- ജി.പി. എസ്. ഇല്ലാത്ത വാഹനത്തിൽ നടത്തിയ കുടിവെള്ളവിതരണത്തിന്റെ ചെലവാണ്. ഇത്തരത്തിൽ കുടിവെള്ളം വിതരണം ചെയ്യാനുണ്ടായ കാരണം ഫയലിൽ നിന്ന് വ്യക്തമല്ല. മാത്രമല്ല വാഹനത്തിന്റെ ലോഗ് ബുക്ക് ഉൾപ്പെടുത്തിയിട്ടുമില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.39/തീയതി. 24.11.2025) മറുപടി നൽകിയില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ കടിവെള്ളവിതരണത്തിന് ചെലവഴിച്ച ₹7,37,100/- തടസ്സപ്പെടുത്തുന്നു.

**1-44 തരം തിരിക്കാത്ത മാലിന്യം നീക്കം ചെയ്യൽ - നിർവ്വഹണത്തിൽ അപാകങ്ങൾ - ₹45,60,125/- തടസ്സപ്പെടുത്തുന്നു**

തരം തരംതിരിക്കാത്ത മാലിന്യം നീക്കം ചെയ്യതിന് താഴെ സൂചിപ്പിക്കുന്ന വൗച്ചറുകൾ പ്രകാരം ഈരാറ്റുപേട്ടയിലെ എക്കോബീൻ എൻവിറോ സൊല്യൂഷൻസ്, അടിമാലിയിലെ ഓർക്കല ഇന്ത്യാ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്ന് പദ്ധതി തയ്യാറാക്കാതെ ₹45,60,125/- ചെലവഴിച്ചിരിക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക (₹) | ഫയൽ നമ്പർ | ചെലവ് ബുക്ക് ചെയ്തിരിക്കുന്ന ഹെഡ് | കമ്മറ്റി തീരുമാനം/ തീയതി |
|---|---|---|---|---|---|
| 1 | 22400867/05.12.2024. | 19,50,494 | 400532/DPPE02 /GP/2024/11186 /26.09.2024 | 251130403 - SANITATION WASTE MANEGEMENT PUBLIC PROGRAM | 4(1) 12.09 2024 |
| 2 | 22400864/05.12.2024. | 4,70,106 | 400532/DPPE02 /GP/2024/13732 /21.11.2024 | 251130102 - PUBLIC PROGRAM | |
| 3 | 22400394/24.07.2024. | 10,76,245 | 400532/DPPE02 /GP/2024 /7202/02.07.2024 | 251130102 - PUBLIC PROGRAM | |
| 4 | 22401264/31.03.2025. | 10,63,280 | 400532/DPPE02 /GP/2024 /4076/31.03.2025 | 251130102 - PUBLIC PROGRAM | 4(1) 18.03.2025 |
| ആകെ | | 45,60,125 | | | |

പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. തരം തരംതിരിക്കാത്ത മാലിന്യം നീക്കം ചെയ്യുന്നത് വർഷം മുഴുവൻ നടത്തുന്ന പ്രവൃത്തിയായിട്ടും ആയതിന് പദ്ധതി തയ്യാറാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയില്ല.

2. തനത് ഫണ്ട് അക്കൗണ്ടിൽ നിന്നുള്ള ചെലവായിട്ടും ഡീസെന്റ്രലൈസ്ഡ് പ്ലാനിംഗ്, പ്രോജക്റ്റ് എക്സ്പെൻഡിച്ചർ, അതർദാൻ കൺസോളിഡേറ്റഡ് ഫണ്ട് (തനത് ഫണ്ട്, ലയബിലിറ്റി ഫണ്ട് ഓർ ഗ്രാന്റ്) എന്നീ സെക്ടറിൽ ഉൾപ്പെടുത്തി പദ്ധതിച്ചെലവ് കാണിച്ചിരിക്കുന്നു.

3. എല്ലാ ബില്ലുകൾ നൽകിയപ്പോഴും പഞ്ചായത്ത് കമ്മറ്റിയിൽ നിന്ന് ശക്തമായ എതിർപ്പുണ്ടായിരുന്നു. എന്നാൽ ഭൂരിപക്ഷത്തിന്റെ അംഗീകാരം ഉണ്ട് എന്ന് കാരണത്താൽ തുക നൽകി.

4. പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കുക എന്നത് ഹരിതകർമ്മസേനാങ്ങളുടെ തന്നെ ഉത്തരവാദിത്വമാണ്. നിലവിൽ 23 വാർഡുകളിലായി 58 ഹരിതകർമ്മസേനാംഗങ്ങൾ ഉണ്ടായിട്ടും ഇത്രയും തരം തിരിക്കാത്ത മാലിന്യം ഉണ്ടായതെന്ന് വിശദീകരിച്ചില്ല. സ്വന്തം ഉത്തരവാദിത്തത്തിലാണ് സ്ഥാപനങ്ങളും വീടുകളും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതെന്നിരിക്കെ ഇത്രയേറെ തരം തിരിക്കാത്ത മാലിന്യം ഉണ്ടായത് എങ്ങനെയെന്ന് വ്യക്തമാക്കിയില്ല.

5. പ്ലാസ്റ്റിംഗ് ഷ്രഡിംഗ് യൂണിറ്റിൽ നാലോ അതിൽ കൂടുതലോ തൊഴിലാളികളെ നിയമിച്ച് സ്ഥിരമായി വേതനം നൽകുന്നുണ്ട്. പ്ലാസ്റ്റിംഗ് ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തിക്കാതിരുന്നിട്ടും പ്ലാസ്റ്റിക് തരം തിരിക്കാൻ ഇവരെ ഉപയോഗപ്പെടുത്തിയില്ല.

6. മേൽ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല.

7. സ്ഥാപനത്തിന് പണം നൽകുന്നതുമായി ബന്ധപ്പെട്ട് കമ്മറ്റികളിൽ എതിർപ്പുകളുണ്ടായിട്ടും തുടർന്നും പണം നൽകിയിരിക്കുന്നു.

8. നീക്കം ചെയ്ത വേർതിരിക്കാത്ത മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് പഞ്ചായത്തിലെ അധികാരപ്പെട്ട വ്യക്തികളാരും മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

9. വൗച്ചർ നമ്പർ.22401264 പ്രകാരമുള്ള ചെലവിന്റെ ഫയലിൽ, ഓഫീസ് നോട്ടും പ്രോസീഡിംഗ്സും അടിമാലിയിലുള്ള ഓർക്കല ഇന്ത്യാ ലിമിറ്റഡ് എന്ന വെയ്ബ്രിഡ്ജ് സ്ഥാപനത്തിന് ₹10,63,280/-നൽകുന്നത് സംബന്ധിച്ചാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം.476881/31.03.2025 പ്രകാരം അടിമാലി എസ്.ബി.ഐ. – യിലെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്ന് ₹10,63,280/- നൽകി. എന്നാൽ ഉൾപ്പെടുത്തിയിരിക്കുന്ന ബില്ലുകളും അനുബന്ധരേഖകളും എക്കോ ബീൻ എൻവിറോ സൊല്യൂഷൻസിന്റെ വിവിധ ദിവസങ്ങളിൽ മാലിന്യം നീക്കം ചെയ്തതിന്റേതാണ്. എക്കോ ബീൻ എൻവിറോ സൊല്യൂഷൻസ് മാലിന്യം നീക്കം ചെയ്തതിന് ഓർക്കല ഇന്ത്യാ ലിമിറ്റഡ് വെയ്ബ്രിഡ്ജ് എന്ന സ്ഥാപനത്തിന് പണം നൽകിയതിന്റെ സാംഗത്യം വ്യക്തമല്ല. പഞ്ചായത്ത് കമ്മറ്റിയുടെ 18.03.2025 – ലെ 4(1) – നം. തീരുമാനത്തിൽ പങ്കെടുത്ത 20 പേരിൽ 9 പേർ പണം നൽകുന്നതിന് വിയോജിപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. ഓർക്കല ഇന്ത്യാ ലിമിറ്റഡ് എന്ന വെയ്ബ്രിഡ്ജ് എന്ന സ്ഥാപനത്തിന് ഇത്രയേറെ പണം നൽകാനുണ്ടായ സാഹചര്യം വ്യക്തമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 42/തീയതി. 02.12.2025) മറുപടി നൽകിയില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിക്കാത്ത മാലിന്യം നീക്കം ചെയ്തതിന് ചെലവഴിച്ച ₹45,60,125/- തടസ്സപ്പെടുത്തുന്നു.

**1-45 ജവഹർ ഭവനപദ്ധതി – വായപയുടെ തിരിച്ചടവ് – കണക്ക് പൊരുത്തപ്പെടുന്നില്ല**

| | |
|---|---|
| പദ്ധതി നം./പദ്ധതിയുടെ പേര് | 50/25, ജവഹർ ഭവനപദ്ധതി – വായ്പത്തിരിച്ചടവ് |
| അടങ്കൽ (₹) | 52,00,000/-<br>വികസനഫണ്ട് – പൊതുവിഭാഗം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് (₹) | 52,00,000/- |
| ബിൽ നം./തീയതി./തുക (₹) | 24101052011000457455/25.07.2024/2,50,000/- |
| | 24101052011000788784/17.10.2024/5,00,000/- |
| | 24101052011000788773/17.10.2024/5,00,000/- |

| | |
|---|---|
| | 24101052011000788776/17.10.2024/5,00,000/- |
| | 24101052011000788782/17.10.2024/5,00,000/- |
| | 24101052011000788783/17.10.2024/5,00,000/- |
| | 24101052011000786442/24.12.2024/2,00,000/- |

ജവഹർ ഭവനപദ്ധതിക്ക്, ഇടുക്കി ജില്ല സഹകരണബാങ്കിന്റെ അടിമാലി ശാഖയിൽ (നിലവിൽ കേരള ബാങ്ക്) നിന്ന് എടുത്ത വായ്പയുടെ തിരിച്ചടവിന്, മേൽ ബില്ലുകൾ പ്രകാരം തൻവർഷം ആകെ ₹52,00,000/- തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ ഒടുക്കിയ വായ്പയുടെ തിരിച്ചടവ് ₹50,00,000/- മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ₹2,00,000/- – യുടെ തിരിച്ചടവ് വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വായ്പയുടെ തിരിച്ചടവ് നിരീക്ഷിക്കാൻ വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ലെന്നുമാത്രമല്ല ബാങ്കിൽ നിന്നുള്ള ലോൺ ഡിമാന്റ് നോട്ടീസുകൾ, പഞ്ചായത്ത് സെക്രട്ടറി, ബാങ്ക് മാനേജർ എന്നിവർ സംയുക്തമായി തയ്യാറാക്കി സൂക്ഷിക്കേണ്ട തിരിച്ചടവ് തുകയും പലിശയും ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കുന്നില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 23.11.2025) മറുപടി നൽകിയില്ലെങ്കിലും ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് ഹാജരാക്കി. പ്രസ്തുത സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2025 – ൽ തിരിച്ചടയ്ക്കാനവശേഷിക്കുന്ന മുതൽ ₹38,44,921/- ആണ്. എന്നാൽ വാർഷികക്കണക്കിൽ പ്രസ്തുത തുക ₹14,86,921/- മാത്രമാണ്. തൻവർഷം വായ്പയുടെ തിരിച്ചടവായി ഒടുക്കിയ തുകയിൽ ₹2,00,000/- കുറവായാണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷികകണക്കിൽ തിരിച്ചടവിലെ വ്യത്യാസത്തിന്റെ കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

### 1-46 ആശുപത്രിക്ക് മരുന്നുകൾ വിതരണം ചെയ്യാൻ വിതരണസ്ഥാപനത്തിന് മുൻകൂർ നൽകി – മരുന്നുകൾ ലഭിച്ചില്ല

താഴെ സൂചിപ്പിച്ചിരിക്കുന്ന ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ ലഭിച്ചില്ല.

| പദ്ധതി നം./പദ്ധതിയുടെ പേര് | ഫണ്ടിനം | മുൻകൂർ കൈപ്പറ്റിയ സ്ഥാപനം | ബിൽ നം./തീയതി | നൽകിയ മുൻകൂർ (₹) |
|---|---|---|---|---|
| 6/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | വികസനഫണ്ട് | കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് | 24101052011001136549/ 06.01.2025 | 5,00,000/- |
| 4/25, ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | ഔഷധി എക്സിക്യൂട്ടീവ് ഡയറക്ടർ | 241010520110001416573/ 04.03.2025 | 6,00,000/- |

മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

### 1-47 വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല – ₹7,25,000/- തടസ്സപ്പെടുത്തുന്നു

താഴെ സൂചിപ്പിക്കുന്ന പദ്ധതികൾക്ക് വിവിധ ഏജൻസികൾക്ക് സെക്രട്ടറി തുക നൽകിയിട്ടുണ്ടെങ്കിലും

വിനിയോഗസാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല.

| പദ്ധതിയുടെ പേര് | പദ്ധതി നമ്പർ | ഫണ്ടിനം | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽ നമ്പർ/വൗച്ചർ നമ്പർ/തീയതി | തുക (₹) | അപാകം |
|---|---|---|---|---|---|---|
| ഐ.കെ.എം വിഹിതം | 2/25 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഐ.കെ.എം. എക്സിക്യൂട്ടിവ് ഡയറക്ടർ | 02.11.2024 | 2,00,000/- | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| എസ്.എസ്.എ. വിഹിതം | 3/25 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ബ്ലോക്ക് റിസോർസ് സെന്റർ, അടിമാലി | 17.10.2024 | 5,00,000/- | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| വൃത്തി – ദി ക്ലീൻ കേരള കോൺക്ലേവ് | 434/25 | തനത് ഫണ്ട് | ശുചിത്വമിഷൻ | | 25,000/- | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |
| ആകെ | | | | | 7,25,000/- | |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ/കൈപ്പറ്റ് രസീതിന്റെ അഭാവത്തിൽ ടി പദ്ധതിക്ക് ചെലവഴിച്ച ₹7,25,000/- തടസ്സപ്പെടുത്തുന്നു.

**1-48 ലൈഫ് ഭവനപദ്ധതി(എസ്.സി.പി.) – രജിസ്റ്ററിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല**

| പദ്ധതി നം./പദ്ധതിയുടെ പേര് | 80/25, ലൈഫ് ഭവനപദ്ധതി – എസ്.സി.പി. | |
|---|---|---|
| അടങ്കൽ (₹) | 6,42,00,000/- | 18,20,000/- (വികസനഫണ്ട് – എസ്.സി.പി.) |
| | | 7,30,000/- സംസ്ഥാനാവിഷ്കൃതഫണ്ട് |
| | | 4,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | | 6,00,000/- ജില്ലാപ്പഞ്ചായത്ത് വിഹിതം |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ചെലവ് (₹) | 35,50,000/- | |

തൻവർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതി – എസ്.സി.പി. എന്ന പദ്ധതിയ്ക്ക് മേൽ തുക ചെലവഴിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ശ്രീ വിജയൻ എ.എം. ആലക്കോട്ടിൽ കാഞ്ഞിരവേലി | സ്റ്റേജ് റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. മുഴുവൻ തുകയും കൈപ്പറ്റിയതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ വിവരം, തുക നല്കിയതിന്റെ ബിൽ നംപർ, തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | |

| | |
|---|---|
| ശ്രീമതി സുഭദ്ര ഇ.കെ. | RBI0312584699878/24/₹50,000/- നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി സുനിത ദീപു വടക്കേടത്ത്<br>(Life 20-20 Valara Circle) | RBI0742501720957/24/₹40,000/-<br>RBI0742501720965/24/1,60,000/-<br>RBI0852530691209/24/₹1,00,000/-<br>എന്നിങ്ങനെ പ്ലാൻ വിഹിതം നല്കിയതായും പ്രസ്തുത തുകകൾ കൂടാതെ ₹2,00,000/- സംസ്ഥാനവിഹിതം നല്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി ഓമന ചന്ദ്രൻ പെരുംപറമ്പിൽ | RBI0672587407580/24<br>₹40,000/- പ്ലാൻ വിഹിതം നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീമതി നീതു പി മണി പുത്തൻപുരയിൽ | RBI0672587407560/24<br>₹40,000/- പ്ലാൻ വിഹിതം നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| ശ്രീമതി റാണി അനിൽകുമാർ | RBI0672587407578/24<br>₹40,000/- പ്ലാൻ വിഹിതം നല്കിയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

| | |
|---|---|
| ശ്രീ സന്തോഷ് കെ.കെ. കണ്ടത്തിൻകരയിൽ | പണി പൂർത്തീകരിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ₹3,00,000/- മാത്രമാണ് രജിസ്റ്റർ പ്രകാരം നല്കിയ തുക |

മേൽ അപാകങ്ങളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/തീയതി. 22.11.2024) മറുപടി നൽകിയില്ല. പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട ബിൽ നംപർ, തീയതി, തുക എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-49 ദിവസവേതനാടിസ്ഥാനത്തിൽ അനധികൃതമായി ജീവനക്കാരെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നു**

താഴെ സൂചിപ്പിക്കുന്ന രീതിയിൽ വിവിധ വിഭാഗത്തിൽ ജീവനക്കാരെ അനധികൃതമായി നിയമിച്ച് മസ്റ്റർ റോൾ പ്രകാരം വേതനം നൽകാൻ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നു.

**1-49-1 ഫുൾ ടൈം ജീവനക്കാരുണ്ടായിട്ടും ടൗൺ ക്ലീനിംഗിന് ദിവസവേതനാടിസ്ഥാനത്തിൽ അനധികൃതമായി വ്യക്തികളെ നിയമിക്കുന്നു - ₹5,16,000/- തടസ്സപ്പെടുത്തുന്നു**

ഗ്രാമപ്പഞ്ചായത്തിൽ ഫുൾ ടൈം കണ്ടിജന്റ് സ്വീപ്പർമാരുടെ 5 അംഗീകൃതതസ്തികകളിൽ ജീവനക്കാർ നിലവിലുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ദിവസവേതനം കൈപ്പറ്റുന്ന വിധത്തിൽ നിയമിച്ച 6 ജീവനക്കാരെ ഉപയോഗിച്ചാണ് ടൗൺ ക്ലീനിംഗ് നടത്തിവരുന്നത്. സർക്കാർ അനുമതിയില്ലാതെയാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചത്. ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് |
|---|---|
| 1 | ശ്രീമതി വൽസ ശിവദാസ് |
| 2 | ശ്രീമതി സാറാമ്മ വർഗ്ഗീസ് |
| 3 | ശ്രീമതി മേരി ജോർജ്ജ് |
| 4 | ശ്രീമതി രമണിക്കുട്ടി |
| 5 | ശ്രീമതി വൽസ കുഞ്ഞുമോൻ |
| 6 | ശ്രീമതി ലീല ഉലഹന്നാൻ |

ടൗൺ ക്ലീനിംഗിന് ടി ജീവനക്കാർക്ക് വേതനം നൽകാൻ തൻവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക (₹) | കുറിപ്പ് |
|---|---|---|---|
| 1 | 22400069/ 29.04.2024 | 43,000 | 01.04.2024 മുതൽ 30.04.2024 വരെയുള്ള മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 2 | 22400156/ 22.05.2024 | 58,500 | 01.05.2024 മുതൽ 31.05.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |

| | | | |
|---|---|---|---|
| 3 | 22400215/ 10.06.2024 | 42,500 | 01.05.2024 മുതൽ 31.05.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 4 | 22400333/ 10.07.2024 | 42,500 | 01.06.2024 മുതൽ 30.06.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 5 | 22400486/ 14.08.2024 | 55,500 | 01.07.2024 മുതൽ 31.07.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 6 | 22400616/ 23.09.2024 | 58,000 | 01.08.2024 മുതൽ 31.08.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 7 | 22400710/ 30.10.2024 | 35,500 | വൗച്ചർ പ്രകാരം ആകെച്ചെലവ് ₹1,40,580/-. ആയതിൽ ടൗൺ ക്ലീനിംഗ് സ്റ്റാഫിന് മാത്രം നൽകിയ വേതനം ₹35,500/-. ബാക്കി തുക ₹1,05,080/-, 7 ദിവസവേതനജീവനക്കാർക്ക് 01.09.2024 മുതൽ 30.09.2024 വരെ നൽകിയ വേതനം |
| 8 | 22400777/ 19.11.2024 | 44,500 | 01.10.2024 മുതൽ 31.10.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 9 | 42400854/06.12.2024 ഫയൽ നം.400532/GEE15 /GPO/2024/14210, പേയ്മെന്റ് ഓർഡർ നം.62440053200933 | 41,500 | വൗച്ചർ ഫയലിൽ ഇല്ല. 01.11.2024 മുതൽ 30.11.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 10 | ഫയൽ നം.400532/GEE15 /GPO/2025/86, പേയ്മെന്റ് ഓർഡർ നം.62440053201053 | 47,500 | 01.12.2024 മുതൽ 31.12.2024 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| 11 | 22401067/ 11.02.2025 | 47,500 | 01.01.2025 മുതൽ 31.01.2025 വരെയുള്ള കാലയളവിലെ മസ്റ്റർ റോൾ പ്രകാരമുള്ള വേതനം |
| | ആകെ | 5,16,000 | |

അംഗീകൃതതസ്തികകളിൽ നിലവിലുള്ള 5 സ്വീപ്പർമാരെ ഏൽപ്പിച്ചിരിക്കുന്ന ജോലി അവർ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. അത് നിർവ്വഹിക്കാതെ ദിവസവേതനജീവനക്കാരെക്കൊണ്ട് ടി ജോലി ചെയ്യിച്ചതിന്റെ സാംഗത്യം വ്യക്തമല്ല. ഫുൾ ടൈം ജീവനക്കാരെ ഉപയോഗിച്ച് ടൗൺ ക്ലീനിംഗ് നടത്തുന്നതിന് പകരം ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ച് ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ₹5,16,000/- ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.45/തീയതി. 10.12.2025) മറുപടി നൽകിയില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ദിവസവേതനജീവനക്കാർക്ക് വേതനം നൽകാൻ ചെലവഴിച്ച

₹5,16,000/- തടസ്സപ്പെടുത്തുന്നു.

**1-49-2 ദിവസവേതനാടിസ്ഥാനത്തിൽ വ്യക്തികളെ അനധികൃതമായി നിയമിച്ചിരിക്കുന്നു - ₹14,44,318/- തടസ്സപ്പെടുത്തുന്നു.**

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, പ്രോജക്ട് അസിസ്റ്റന്റ്, തൊഴിലുറപ്പ് പദ്ധതി ഓഫീസ് ജീവനക്കാർ എന്നിവർ കൂടാതെ ദിവസവേതനാടിസ്ഥാനത്തിൽ വ്യക്തികളെ നിയമിച്ച് വേതനം നൽകി വരുന്നു. സർക്കാരിന്റെ അനുമതിയില്ലാതെയാണ് പ്രസ്തുത ജീവനക്കാരെ നിയമിച്ചിരിക്കുന്നത്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് |
|---|---|
| 1 | ശ്രീമതി ജയശ്രീ എ.കെ. |
| 2 | ശ്രീമതി ജെസ്സി വി.ജെ. |
| 3 | ശ്രീമതി ആയില്യ സുരേന്ദ്രൻ |
| 4 | ശ്രീ മാധവൻ പി.ആർ. |
| 5 | ശ്രീ സുധൻ കെ.എൽ. |
| 6 | ശ്രീ സഹീർ എം.എസ്. |
| 7 | ശ്രീ കുഞ്ഞ് ടി.വി. |
| 8 | ശ്രീ അരവിന്ദ് ഷൈൻ |
| 9 | ശ്രീമതി ഷമിന കെ.കെ. |
| 10 | ശ്രീമതി ദിവ്യ എസ്. |

വേതനം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ /തീയതി | തുക (₹) | കുറിപ്പ് |
|---|---|---|---|
| 1 | 2240013/ 02.04.2024 | 1,53,448/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീ കുഞ്ഞു ടി.വി. എന്നിങ്ങനെ 7 ജീവനക്കാരുടെ 01.03.2024 മുതൽ 31.03.2024 വരെയുള്ള മസ്റ്റർറോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 2 | 22400104/ | 1,09,570/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., |

| | | | |
|---|---|---|---|
| | 03.05.2024 | | ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീ കുഞ്ഞു ടി.വി. എന്നിങ്ങനെ 7 ജീവനക്കാരുടെ 01.04.2024 മുതൽ 30.04.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 3 | 22400211/ 10.06.2024 | 1,07,250/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്. എന്നിങ്ങനെ 6 ജീവനക്കാരുടെ 01.05.2024 മുതൽ 31.05.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 4 | 42400304/ 09.07.2024 | 1,06,020/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്. എന്നിങ്ങനെ 6 ജീവനക്കാരുടെ 01.06.2024 മുതൽ 30.06.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 5 | 22400478/ 14.08.2025 | 1,09,640/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്. എന്നിങ്ങനെ 6 ജീവനക്കാരുടെ 01.07.2024 മുതൽ 31.07.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 6 | 22400618/ 23.09.2024 | 94,950/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്. എന്നിങ്ങനെ 6 ജീവനക്കാരുടെ 01.08.2024 മുതൽ 31.08.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 7 | 22400710/ 30.10.2024 | 1,05,080/- | വൗച്ചർ പ്രകാരം ആകെച്ചെലവ് ₹1,40,580/- ആണ്. ആയതിൽ ടൗൺ ക്ലീനിംഗ് സ്റ്റാഫിന് നൽകിയത് ₹35,500/-. ഓഫീസ് ദിവസ വേതനമായി നൽകിയത് ₹1,05,080/-. ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി.വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീ അരവിന്ദ് ഷൈൻ എന്നിങ്ങനെ 7 ജീവനക്കാരുടെ 01.09.2024 മുതൽ 30.09.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 8 | 22400956/ 30.12.2024 | 1,16,885/- | ശ്രീമതി ജയശ്രീ എ.കെ., ശ്രീമതി ജെസ്സി വി.ജെ., ശ്രീ മാധവൻ പി.ആർ., ശ്രീമതി ആയില്യ സുരേന്ദ്രൻ, ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീ അരവിന്ദ് ഷൈൻ എന്നിങ്ങനെ 7 ജീവനക്കാരുടെ 01.10.2024 മുതൽ 31.10.2024 വരെയുള്ള സ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 9 | 22400972/ 07.01.2025 | 1,21,440/- | ശ്രീ അരവിന്ദ് ഷൈൻ, ശ്രീമതി ജെസ്സി വി.ജെ., ശ്രീമതി കുഞ്ഞ് ടി.വി., ശ്രീ മാധവൻ പി.ആർ., ശ്രീമതി ജയശ്രീ എ.കെ., ശ്രീ സുധൻ കെ.എൻ., |

| | | | |
|---|---|---|---|
| | | | ശ്രീ സഹീർ എം.എസ്., ശ്രീമതി ഷമീന കെ.കെ. എന്നിങ്ങനെ 8 ജീവനക്കാരുടെ 01.12.2024 മുതൽ 31.12.2024 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 10 | 22401124/ 17.03.2025 | 1,47,460/- | ശ്രീ അരവിന്ദ് ഷൈൻ, ശ്രീമതി ജെസ്സി വി.ജെ., ശ്രീമതി കുഞ്ഞ് ടി.വി.,ശ്രീ മാധവൻ പി.ആർ., ശ്രീമതി ജയശ്രീ എ.കെ., ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീമതി ഷമീന കെ.കെ., ശ്രീമതി ദിവ്യ എസ്. എന്നിങ്ങനെ 9 ദിവസവേതനക്കാരുടെ 01.01.2025 മുതൽ 31.01.2025 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 11 | 22401203/ 19.03.2025 | 1,53,000/- | ശ്രീ അരവിന്ദ് ഷൈൻ, ശ്രീമതി ജെസ്സി വി.ജെ., ശ്രീമതി കുഞ്ഞ് ടി.വി., ശ്രീ മാധവൻ പി.ആർ., ശ്രീമതി ജയശ്രീ എ.കെ., ശ്രീ സുധൻ കെ.എൻ., ശ്രീ സഹീർ എം.എസ്., ശ്രീമതി ഷമീന കെ.കെ. ശ്രീമതി ദിവ്യ എസ്. എന്നിങ്ങനെ 9 ദിവസവേതനക്കാരുടെ 01.02.2025 മുതൽ 28.02.2025 വരെയുള്ള മസ്റ്റർ റോൾ അടിസ്ഥാനത്തിലുള്ള വേതനം. |
| 12 | 42401799/ 31.03.2025 | 1,19,575/- | 400532/GAEE15/GPO/2025/4554/04.07.2025 – നമ്പർ ഫയൽ തുടങ്ങിയിരിക്കുന്നു. അനുബന്ധരേഖകൾ ILGMS – ൽ ഉൾപ്പെടുത്തിയിട്ടില്ല. |
| | ആകെ | **14,44,318/-** | |

ഗ്രാമപ്പഞ്ചായത്ത് ഓഫീസിൽ ടി ജീവനക്കാരെ താത്ക്കാലികമായെങ്കിലും നിയമിക്കാൻ അംഗീകൃതതസ്തികയില്ലാതിരിക്കെ, സെക്രട്ടറി അവരെ ഏത് തസ്തികയിലാണ് നിയമിച്ചതെന്നും ഏൽപ്പിച്ച ജോലി എന്തെന്നും വ്യക്തമല്ല. ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ച് മുകളിൽ സൂചിപ്പിച്ച പ്രകാരം ₹14,44,318/- – യുടെ ചെലവ് നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.44/തീയതി. 10.12.2025) മറുപടി നൽകിയില്ല. ദിവസവേതനനിയമനത്തിൽ അപാകം നിലനിൽക്കുന്നതിനാൽ ദിവസവേതനം നൽകാൻ ചെലവഴിച്ച ₹14,44,318/- തടസ്സപ്പെടുത്തുന്നു.

**1-49-3 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – അനധികൃതദിവസവേതനജീവനക്കാരുടെ നിയമനം – വേതനച്ചെലവ് മാത്രം, വരവില്ല**

പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ അനധികൃതമായി നിയമിച്ച് ചുവടെ കൊടുക്കും പ്രകാരം ചെലവ് നടത്തിയിരിക്കുന്നു. തനത് ഫണ്ടിൽ നിന്നാണ് ജീവനക്കാർക്ക് വേതനം നൽകുന്നത്. വാർഷികകണക്ക് പ്രകാരം തൻവർഷം ഷ്രെഡ്ഡിംഗ് യൂണിറ്റിൽ നിന്നും തുകയൊന്നും ലഭിച്ചതായി കാണുന്നില്ല.

| ക്രമ നം. | വൗച്ചർ നമ്പർ /തീയതി | തുക (₹) | കുറിപ്പ് |
|---|---|---|---|
| 1 | 22400068/ 29.04.2024 | 37,500 | ശ്രീമതി മിനിമണി, ശ്രീമതി റീജ ജോഷി, ശ്രീമതി സാവിത്രി ചന്ദ്രൻ, ശ്രീമതി ലീല ബാലൻ എന്നിവരുടെ 01.03.2024 മുതൽ 31.03.2024 വരെയുള്ള മസ്റ്റർറോൾ |

| | | | |
|---|---|---|---|
| 2 | 22400154/ 22.05.2024 | 45,500 | 01.04.2024 മുതൽ 30.04.2024 വരെയുള്ള മസ്റ്റർറോൾ |
| 3 | 22400216/ 10.06.2024 | 48,000 | ശ്രീമതി മിനിമണി, ശ്രീമതി റീജ ജോഷി, ശ്രീമതി സാവിത്രി ചന്ദ്രൻ, ശ്രീമതി ലീല ബാലൻ എന്നിവരുടെ 01.05.2024 മുതൽ 31.05.2024 വരെയുള്ള മസ്റ്റർ റോൾ |
| 4 | 22400247/ 18.06.2024 | 23,000 | ശ്രീമതി നീതു കുര്യൻ, ശ്രീമതി ഷെമീന വി.എ. എന്നിവരുടെ 01.05.2024 മുതൽ 31.05.2024 വരെയുള്ള ₹23,000/- – യുടെ മസ്റ്റർ റോൾ |
| 5 | 22400370/ 19.07.2024 | 33,000 | ശ്രീമതി മിനിമണി, ശ്രീമതി റീജ ജോഷി, ശ്രീമതി സാവിത്രി ചന്ദ്രൻ, ശ്രീമതി ലീല ബാലൻ എന്നിവരുടെ 01.06.2024 മുതൽ 30.06.2024 വരെയുള്ള ₹33,000/- – യുടെ മസ്റ്റർ റോൾ |
| 6 | 22400372/ 21.07.2024 | 17,000 | ശ്രീമതി ഷമീന വി.എ., ശ്രീമതി നീതുകുരുവിള എന്നിവരുടെ 01.06.2024 മുതൽ 30.06.2024 വരെയുള്ള ₹17,000/- – യുടെ മസ്റ്റർ റോൾ പ്രകാരമുള്ള ചെലവ് |
| 7 | 22400499/ 16.08.2024 | 15,000 | ശ്രീമതി ഷമീന വി.എ., ശ്രീമതി നീതുകുരുവിള എന്നിവരുടെ 01.07.2024 മുതൽ 31.07.2024 വരെയുള്ള ₹15,000/- – യുടെ മസ്റ്റർ റോൾ പ്രകാരമുള്ള ചെലവ് |
| 8 | 22400479/ 14.08.2024 | 27,500 | ശ്രീമതി മിനിമണി, ശ്രീമതി റീജ ജോഷി, ശ്രീമതി സാവിത്രി ചന്ദ്രൻ, ശ്രീമതി ലീല ബാലൻ എന്നിവരുടെ 01.07.2024 മുതൽ 31.07.2024 വരെയുള്ള ₹27,500/- – യുടെ മസ്റ്റർ റോൾ പ്രകാരമുള്ള ചെലവ് |
| 9 | 22400605/ 23.09.2024 | 6,000 | ശ്രീമതി മിനിമണി, ശ്രീമതി റീജ ജോഷി, ശ്രീമതി സാവിത്രി ചന്ദ്രൻ എന്നിവരുടെ 01.08.2024 മുതൽ 31.08.2024 വരെയുള്ള ₹6,000/- – യുടെ മസ്റ്റർ റോൾപ്രകാരമുള്ള ചെലവ് |
| ആകെ | | 2,52,500 | |

സർക്കാർ അനുമതിയില്ലാതെ പ്രസ്തുത ജീവനക്കാരെ നിയമിച്ചതിന്റെ കാരണം വ്യക്തമല്ല. സുസജ്ജമായ ഹരിതകർമ്മസേന ഗ്രാമപ്പഞ്ചായത്തിലുണ്ടായിരിക്കെ, അവരുടെ സേവനം പ്രയോജനപ്പെടുത്താതെ ദിവസവേതനാടിസ്ഥത്തിൽ ജീവനക്കാരെ നിയമിച്ചിരിക്കുന്നതുവഴി തനത് ഫണ്ടിന് ന്യായരഹിതമായ ചെലവുണ്ടാകാൻ ഇടയായി. പ്ലാസ്റ്റിക് ഷ്രഡ്ഡിംഗിനായി കൂലിയിനത്തിൽ ₹2,52,500/- മുടക്കിയിരിക്കുന്നു. ഷ്രഡ്ഡ് ചെയ്ത പ്ലാസ്റ്റിക് വിറ്റയിനത്തിൽ ഈ കാലയളവിൽ പഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.46/തീയതി. 11.12.2025) മറുപടി നൽകിയില്ല. വരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് മാത്രം വരുന്ന ഇത്തരം പദ്ധതികൾ തുടർന്നും നടത്തുന്ന വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്.

**1-50 പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ഇൻഷൂറൻസ് പോളിസി ക്രമപ്രകാരമല്ല**

